# ദൈവം പരമാവധി ചെലവ് ചെയ്ത് എല്ലാ മനുഷ്യർക്കും വേണ്ടി ഒരുക്കിയ

# രക്ഷ

വി. പി. ജേക്കബ്
പേരൂർക്കട
തിരുവനന്തപുരം

# 1
# എല്ലാവരും പാപികൾ

ദൈവം മനുഷ്യനെ പാപിയായി സൃഷ്ടിച്ചില്ല. “ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു” (ഉല്പ. 1:27). ദൈവ ത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിതനായതുകൊണ്ടാണ് മനുഷ്യൻ ഒരു അത്ഭുതസൃഷ്ടിയായിരിക്കുന്നത്. “ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടി ച്ചിരിക്കയാൽ ഞാൻ നിനക്ക് സ്തോത്രം ചെയ്യുന്നു” (സങ്കീ.139:14). ഭൂമിയെ കീഴ ടക്കി ഭരിക്കണം എന്നതായിരുന്നു മനുഷ്യനെ കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേ ശ്യം. “സകല ജീവജന്തുക്കൾക്കും മനുഷ്യൻ ഇട്ടത് അവെക്ക് പേരായി” (ഉ ല്പ.2:19,20). ദൈവസ്വരൂപത്തിൽ സൃഷ്ടിതനായ മനുഷ്യന്റെ ബുദ്ധിവൈഭവ ത്തെക്കുറിച്ച് എന്തു പറവാനാണ്? ഇന്നാണെങ്കിൽ, ഒരു കുടുംബത്തിലെ ആറ് മക്കൾക്ക് യുക്തമായ പേരുകൾ ഇടുന്നതിന് മാതാപിതാക്കൾ പെടാപ്പാടു പെടു ന്നത് സാധാരണ കാഴ്ചയാണ്. ഇത്ര ബുദ്ധിരാക്ഷസനായ മനുഷ്യൻ ഒരു അണുവിൽ നിന്ന് കോടികോടി വർഷം കൊണ്ട് പരിണമിച്ചുണ്ടായി എന്ന പരി ണാമ സിദ്ധാന്തം വിശ്വസിക്കുന്നതിനും കൊട്ടിഘോഷിക്കുന്നതിനും ഇന്നും സർവ്വ കലാശാലകളിൽ ആളുകൾ ഉണ്ടല്ലോ എന്നോർക്കുമ്പോൾ എനിക്കു വളരെ അത്ഭുതമാണ്. അതോടൊപ്പം ഞാൻ അവരെക്കുറിച്ചു സഹതപിക്കുകയും ചെയ്യുന്നു.

പാപത്തിന്റെ ഉത്ഭവത്തെ സംബന്ധിച്ച് വേദപുസ്തകം ഒന്നും പറയുന്നില്ല. എന്നാൽ പാപം ലോകത്തിൽ പ്രവേശിച്ചത് എങ്ങനെയെന്ന് വേദത്തിൽ രേഖപ്പെ ടുത്തിയിരിക്കുന്നു. “അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മര ണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു” (റോമ.5:12). ദൂതന്മാർ പാപം ചെയ്തെന്നും അക്കാരണത്താൽ അവരെ ന്യായവിധിക്കായി സൂക്ഷിച്ചിരിക്കുന്നു എന്നും ബൈബിളിൽ വായിക്കുന്നു. ഏക മനുഷ്യനാൽ പാപം ലോകത്തിൽ പ്രവേശിച്ചു. ഏകമനുഷ്യൻ എന്നു പറയുന്നത് ആദാമും ഹവ്വായും ചേർന്ന ഒരു മനുഷ്യൻ എന്നതു സ്പഷ്ടം. “സൃഷ്ടിച്ച നാളിൽ അവരെ അനുഗ്രഹിക്കയും അവർക്ക് ആദാം എന്ന് പേരിടുകയും ചെയ്തു” (ഉല്പ.5:2). പൗലൊസ് അപ്പൊ സ്തലന്റെ പർവ്വത പ്രസംഗത്തിലെ ഒരു വാക്യം ഒത്തുനോക്കുന്നതു പ്രയോജന മായിരിക്കും. “ഭൂതലത്തിൽ എങ്ങും കുടിയിരിപ്പാൻ അവൻ ഒരുത്തനിൽ നിന്നു മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി, അവരുടെ നിവാസത്തിനു അതി രുകളും കാലങ്ങളും നിശ്ചയിച്ചു” (പ്രവൃ.17:26). പ്രസ്തുതവാക്യത്തിലെ ഒരു ത്തൻ ആദാമും ഹവ്വയും ചേർന്ന ഒരുത്തനാണ്. തിരുവെഴുത്തുകൾ മനു ഷ്യജാതിയുടെ ഐക്യത ഖണ്ഡിതമായും സ്പഷ്ടമായും പഠിപ്പിക്കുന്നു. വർഗ്ഗം, ഭാഷ, വർണ്ണം മുതലായ കാര്യങ്ങളിൽ മനുഷ്യർക്കു തമ്മിൽ വളരെ വ്യത്യാസ ങ്ങൾ ഉണ്ടെങ്കിലും ഒരു മൂലപിതാവിൽ നിന്നാണ് മനുഷ്യജാതി ഉണ്ടായിരിക്കു ന്നത് എന്ന സത്യം ആർക്കും നിഷേധിക്കാൻ സാദ്ധ്യമല്ല. മനുഷ്യജാതിയുടെ ഐക്യത തെളിയിക്കുന്നതിന് മൂന്ന് പ്രധാനകാരണങ്ങൾ ഉന്നയിക്കാവുന്നതാ

ണ്. ഒന്ന്, വിവിധ വർഗ്ഗക്കാർ തമ്മിലുള്ള വിവാഹത്തിൽ നിന്നും സന്തതി ഉണ്ടാകുന്നു. രണ്ട്, എല്ലാ വർഗ്ഗക്കാർക്കും സാധാരണ ശീതോഷ്ണസ്ഥിതി (ച്രീ്യാമഹ ഠലാുലൃമൗേൃല)ഒന്നുതന്നെയാണ്. മൂന്ന്, എല്ലാവർഗ്ഗക്കാരുടെയും വിസർജ്ജ്യങ്ങൾ ഒരുപോലെ ദുർഗന്ധപൂരിതമാണ്.

ആദാമും ഹവ്വയും പാപം ചെയ്ത് പാപികളായി. ദൈവം മനുഷ്യനെ പാപിയായി സൃഷ്ടിച്ചില്ല. ദൈവത്തിന്റെ സ്വരൂപത്തിലായിരുന്നു മാനവൻ സൃഷ്ടിക്കപ്പെട്ടത്. സൃഷ്ടിയിൽ മനുഷ്യൻ നിഷ്പാപനായിരുന്നു. പാപം ചെയ്ത് പാപികളായ ആദാമും ഹവ്വയും മാത്രം ഒരു ക്ലാസ്സിൽ ഇരിക്കുന്നു. പ്രസ്തുത ക്ലാസ്സിൽ ഇരിക്കാൻ യോഗ്യരായ മറ്റാരുമില്ല. ആദാമിന്റെ ആദ്യമകൻ മുതൽ ഇന്ന് ജനിച്ച ശിശുവരെയുള്ള കോടി കോടി ജനങ്ങൾ പാപികളായി ജനിച്ചവരാണ്. അവരാരും പാപം ചെയ്ത് പാപികളായവരല്ല. “ജനിച്ചതെല്ലാം കള്ളനും മുളച്ചതെല്ലാം മുള്ളും'' എന്ന തമിഴ് പഴമൊഴിയാണ് ഈ ബന്ധത്തിൽ ഓർമ്മയിൽ വരുന്നത്. “ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു'', (റോമ. 3:23) “നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല, ഗ്രഹിയ്ക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മചെയ്യുന്നവനില്ല, ഒരുത്തൻപോലും ഇല്ല'' (റോമ.3:10,11,12).

പാപത്തിന്റെ ആസ്തിക്യം പാടേ നിഷേധിക്കുന്നവർ എല്ലാ കാലത്തും ഉണ്ട്. അവരിൽ പ്രാധാന്യം അർഹിക്കുന്ന ഒരു സമൂഹമാണ് വേദാന്തികൾ. വേദാന്തം എന്നാൽ വേദത്തിന്റെ അന്തം എന്നർത്ഥം. അതിൽ കൂടിയ പരമാർത്ഥിക സത്യം ഒന്നും ഇല്ല എന്നു വിശ്വസിക്കുന്നവരാണ് വേദാന്തികൾ. പാപം എന്ന ഒരു കാര്യം ഇല്ല. അത് വെറും മായയാണ്. ജീവാത്മാവായ മനുഷ്യൻ മരിക്കുമ്പോൾ ജീവാത്മാവ് പരമാത്മാവിൽ ലയിക്കുന്നു. അതോടൊപ്പം ജീവിതം അവസാനിക്കുന്നു. ഇതാണ് അവരുടെ ഉപദേശസാരം. പാപത്തിൽ ജനിക്കുന്ന മനുഷ്യൻ പാപമില്ല എന്ന് ഉപദേശിക്കുന്നത് വിരുദ്ധവും വിചിത്രവുമായിരിക്കുന്നു. ഞാൻ ഒരു നാസ്തികൻ ആയതുകൊണ്ട് ദൈവത്തിനു സ്തോത്രം ചെയ്യുന്നു'' എന്ന് ഒരു നാസ്തികൻ അനുഭവസാക്ഷ്യം പറഞ്ഞതായി കേട്ടിട്ടുണ്ട്. ദൈവത്തെ നിഷേധിക്കുന്ന മനുഷ്യൻ പാപത്തെയും നിഷേധിക്കുന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. മനുഷ്യന് സമാധാനമായി(?) പാപം ചെയ്യുന്നതിനുള്ള ഒരു ലൈസൻസാണ് പാപം ഇല്ല എന്ന ഉപദേശം.

വളരെ വർഷം മുമ്പ് ഞങ്ങൾ മൈസൂറിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ ഒരു ഭവനയോഗം നടത്തിയതായി ഓർക്കുന്നു. “മനുഷ്യൻ പാപിയാകുന്നത് എത്രാമത്തെ വയസ്സിലാണ്?'' എന്ന് ഞാൻ ചോദിച്ചു. “സാറേ, പതിനെട്ടാമത്തെ വയസ്സിലാണ്'' എന്ന് ഒരു യുവാവ് ഉടൻ ഉത്തരം പറഞ്ഞു. ആ യുവാവിന് പ്രസ്തുത ധാരണ എങ്ങനെ ലഭിച്ചു എന്ന് എനിക്ക് അറിയാൻ പാടില്ല. ദൈവവചനം എന്ത് പറയുന്നു എന്നു നോക്കാം. അതാണല്ലോ നമുക്ക് ആധാരം. “ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു'' (സങ്കീ.51:5). സങ്കീർത്തനക്കാരനും രാജാവുമായ ദാവീ

ദിന്റെ ശോകാത്മകമായ ഏറ്റുപറച്ചിലാണ് മേൽ ഉദ്ധരിച്ചത്. ഏതു മനുഷ്യനും ഈ ഏറ്റുപറച്ചിലോടുകൂടിയാണ് ജീവിതവേദിയിൽ പ്രവേശിക്കുന്നത്. ഈ ഏറ്റു പറച്ചിൽ കൂടാതെ ധൈര്യമായി ജീവിതവേദിയിൽ പ്രവേശിച്ചത് ഒരേ വ്യക്തിമാത്രം. കർത്താവായ യേശുക്രിസ്തു. അവിടുത്തെ തിരുനാമം എന്നേക്കും വാഴ്ത്തപ്പെടട്ടെ. ക്രിസ്തു ജന്മനാ കർമ്മണാ നിഷ്പാപൻ എന്ന വിഷയം മറ്റൊരദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിക്കുന്നതായിരിക്കും. ഏതു മനുഷ്യനും പാപിയായിട്ടാണ് ജനിക്കുന്നത്. ജനിക്കുമ്പോൾ തന്നേ അവൻ പാപിയാണ്. ഒരു ലളിതമായ ദൃഷ്ടാന്തംകൊണ്ട് ഞാൻ അക്കാര്യം തെളിയിക്കാം. മൂർഖൻ പാമ്പിന്റെ കുഞ്ഞ് മൂർഖൻ പാമ്പാകുന്നത് എപ്പോൾ? മൂർഖൻ കുഞ്ഞ് അല്പം വളർന്നു രണ്ടു മൂന്നുപേരെ കടിച്ചുകൊന്നതിനുശേഷമാണോ? ഒരിയ്ക്കലുമല്ല. മൂർഖൻ പാമ്പിന്റെ മുട്ടയിൽ നിന്ന് വിരിയുമ്പോൾ തന്നേ അതു മൂർഖൻ പാമ്പാണ്. അതു മനുഷ്യരെ കടിച്ചുകൊല്ലാൻ തുടങ്ങുന്നതിന് മുമ്പ് ആട്ടിൻ കുട്ടിയാണ് എന്ന് ഞാൻ ഉറപ്പിച്ചു പറഞ്ഞാലും നിങ്ങൾ വിശ്വസിക്കുമോ? നിങ്ങൾ 500 രൂപാകൊടുത്ത് പ്രസ്തുത ആട്ടിൻ കുട്ടി (?) യെ വാങ്ങിക്കുമോ? ഒരിക്കലുമില്ല. പാപികളായ മാതാപിതാക്കളിൽ നിന്ന് ജനിക്കുമ്പോൾ തന്നേ പാപി എന്നു ചുരുക്കം.

മനുഷ്യൻ കർമ്മണാ പാപിയാണ്. മനുഷ്യരെല്ലാവരും ഒരു പോലെ ഭയങ്കരമായ മ്ലേച്ഛമായ പാപങ്ങൾ ചെയ്യുന്നവരാണ് എന്നു പറയുവാൻ സാദ്ധ്യമല്ല. "ആനയെ കട്ടവനും കള്ളൻ, അടയ്ക്ക കട്ടവനും കള്ളൻ" എന്നു കർണ്ണാടകത്തിൽ ഒരു പഴമൊഴി ഉണ്ട്. ആനയുടെ വിലയുമായി താരതമ്യപ്പെടുത്തിയാൽ പാക്കിന്റെ വില വളരെ നിസ്സാരമാണ്. അതുകൊണ്ട് പാക്കുകള്ളൻ പുണ്യവാളൻ ആണെന്ന് നാമാരും പറയുകയില്ല. പാക്കു മോഷ്ടിച്ചവനെയും കോടതിയിൽ കയറ്റി വിസ്തരിച്ച് നിയമമനുസരിച്ച് ന്യായമായി ശിക്ഷിക്കേണ്ടതാണ്. രാഷ്ട്രത്തിന്റെ നിയമം അനുസരിച്ച് ആനക്കള്ളനും പാക്ക് കള്ളനും കള്ളന്മാരാണ്. മോഷ്ടിച്ച സാധനത്തിന്റെ വലുപ്പച്ചെറുപ്പമല്ല, പ്രത്യുത മോഷണം എന്ന പ്രവൃത്തിയാണ് കുറ്റകരമായിരിക്കുന്നത്. "പുസ്തകങ്ങളിൽ എഴുതിയിരുന്നതിനു ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി" (വെളി.20:12).

ചെയ്യാൻ പാടില്ലാത്തതു ചെയ്യുന്നതും ചെയ്യേണ്ടത് ചെയ്യാതിരിക്കുന്നതും ഒരുപോലെ ദൈവമുമ്പാകെ പാപമാണ്. ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ ഒട്ടുവളരെ കല്പനകൾ ദൈവവചനത്തിൽ ഉണ്ട്. അവയിൽ ചെയ്യാൻ പാടില്ലാത്തതു ചെയ്തതിനെ മാത്രമേ നാം സാധാരണ പാപമായി കണക്കാക്കുന്നുള്ളു. എന്നാൽ ചെയ്യേണ്ടതു ചെയ്യാത്തതും പാപമായി ദൈവം കണക്കാക്കുന്നു. "നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവന്നു അതു പാപം തന്നേ"(യാക്കോ.4:17). "ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാണ്മാൻ യഹോവ സ്വർഗ്ഗത്തിൽനിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ ചെയ്യുന്നവനില്ല; ഒരുത്തൻ പോലും ഇല്ല" (സങ്കീ.14:2,3) "നാം എല്ലാവരും ആടുകളെപോലെ തെറ്റിപ്പോയിരുന്നു. നാം ഒരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ

ചുമത്തി''(യെശ.53:6). കൂട്ടം വിട്ടു വഴിതെറ്റിയ ആട് സ്വന്തശ്രമംകൊണ്ട് ഇടയന്റെ അടുത്തേക്ക് ഒരിക്കലും മടങ്ങിവരുന്നില്ല. നേരേമറിച്ച് ഇടയൻ തേടിപ്പോയി പ്രസ്തുത ആടിനെ കണ്ടുപിടിച്ചു തിരികെ കൊണ്ടുവരണം. മനുഷ്യന്റെ സ്ഥിതിയും അതു തന്നേ.

## 2

# പാപത്തിന്റെ ഫലമായി മനുഷ്യന് മരണവും ന്യായവിധിയും നരകവും

പാപത്തെ കുറിച്ച് അനാസ്ഥയായി ചിന്തിക്കുന്ന കോടിക്കണക്കിനാളുകൾ ഉണ്ട്. പാപത്തിന്റെ ഗൗരവം അവർ വേണ്ടപോലെ മനസ്സിലാക്കുന്നില്ല എന്ന താണ് കാരണം. "പാപം ചെയ്യുന്ന ദേഹി മരിക്കും". (യെഹെ.18:4,20) "പാപ ത്തിന്റെ ശമ്പളം മരണമത്രേ'' (റോമ.6:23). പാപത്താൽ മരണം ലോകത്തിൽ കട ന്നു. മരണത്തിന് ഇല്ലാതെയാകുക എന്നർത്ഥമില്ല. മരണം എന്നതു ഒരു വേർപാടാണ്. "എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും'' (ഉല്പ.2:17). ദൈവകല്പന ലംഘിച്ച് വിലക്കപ്പെട്ട ഫലം തിന്ന നാളിൽ ആദാമും ഹവ്വയും ശരീരപ്രകാരം മരി ച്ചില്ല. എന്നാൽ, അവർ അന്നുതന്നേ ആത്മീകമായി മരിച്ചു. ദൈവത്തിന്റെ ജീവ നിൽ നിന്നും കൂട്ടായ്മയിൽ നിന്നും അവർ വേർപെട്ടു. അതുകൊണ്ടായിരുന്നു അവർ ഏദെനിൽ ദൈവം കാണാതെ ഭയപ്പെട്ട് നഗ്നത മറെച്ചതും ഒളിച്ചതും. കാലാന്തരത്തിൽ അവർക്ക് ശാരീരിക മരണവും ഉണ്ടായി. ശാരീരിക മരണം എന്നാൽ മനുഷ്യന്റെ ആത്മാവ് ശരീരത്തിൻ നിന്നും വേർപെടുന്നതാകുന്നു. ഇതാണ് ലോകമനുഷ്യൻ മരണമായി കണക്കാക്കുന്നത്. ആത്മമരണവും അതിന്റെ അന്തമായ തീപ്പൊയ്കയും ലോകമനുഷ്യർക്ക് വിഷയമേ അല്ല. മനുഷ്യൻ ശരീരമരണത്തിന് വളരെ പ്രാധാന്യം കൊടുക്കുന്നതും അതേ സമയം ആത്മമര ണത്തിനും അതിന്റെ അന്തമായ നരകത്തിനും ഒട്ടും പ്രാധാന്യം കൊടുക്കാതിരി യ്ക്കുന്നതും വിരോധാഭാസമായി തോന്നുന്നു.

മരണം നിശ്ചയമാണ്. അത് ദൈവത്താൽ നിയമിക്കപ്പെട്ടതാണ്. "ഒരി ക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ'' (എ ബ്രാ.9:27) മരണം നിശ്ചയമാണെങ്കിലും അതിന്റെ ദിവസവും സമയവും രീതിയും നിശ്ചയമല്ല. ഈ ബന്ധത്തിൽ ഒരു കഥ എന്റെ ഓർമ്മയിൽ വരുന്നു. ഒരി ക്കൽ, ഒരു യുവാവ് ഒരു യെഹൂദറബ്ബിയുടെ അടുക്കൽ ചെന്ന്, "റബ്ബീ, മരണ ത്തിനായി ഞാൻ എപ്പോഴാണ് ഒരുങ്ങേണ്ടത്'' എന്നു ചോദിച്ചു. "മകനേ, മര ണത്തിനു ഒരു ദിവസം മുമ്പേ ഒരുങ്ങുക'' എന്ന് റബ്ബി ഉത്തരം പറഞ്ഞു. "റബ്ബീ, മരണദിവസം എനിക്ക് അറിയാൻ പാടില്ല. പിന്നെ, മരണത്തിന് ഒരു ദിവസം മുമ്പെ ഒരുങ്ങുന്നത് എങ്ങനെ?'' എന്ന് യുവാവ് വീണ്ടും ചോദിച്ചു "മക നേ, മരണത്തിനായി ഇപ്പോൾ തന്നേ ഒരുങ്ങുന്നതു നല്ലത്'' എന്ന് റബ്ബി ആലോ ചന പറഞ്ഞ് യുവാവിനെ യാത്രയയച്ചു. "സമയവും തിരമാലയും ആർക്കു

വേണ്ടിയും കാത്തു നിൽക്കയില്ല'' എന്നു പഴമൊഴി. മരണവും ആർക്കുവേണ്ടിയും ഒരിക്കലും കാത്തു നിൽക്കയില്ല. പ്രിയ വായനക്കാരാ, നിങ്ങൾ മരണത്തിനായി ഒരുങ്ങിയിട്ടുണ്ടോ? ശ്മശാനം നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നതുകൊണ്ട് നിങ്ങളും മരണത്തിനായി ഒരുങ്ങേണ്ടത് ഏറ്റവും പ്രധാനമായ ഒരു കാര്യമാണ്. ജീവിതത്തോടു ബന്ധപ്പെട്ട എല്ലാകാര്യങ്ങൾക്കും ഒരുങ്ങുന്ന മനുഷ്യൻ മരണത്തിനുവേണ്ടി ഒരുങ്ങാതിരിക്കുന്നത് വിരോധാഭാസമെന്നേ പറയേണ്ടു.

മരണത്തോടെ മനുഷ്യന്റെ ചരിത്രം അവസാനിക്കുന്നില്ല. മരണത്തിന്, മനുഷ്യൻ ഇല്ലാതാകുന്നു എന്ന അർത്ഥമില്ല. മരണം എന്നാൽ ഒരു വേർപാട് മാത്രമാണ്. മരണത്തിനുശേഷം ന്യായവിധി ഉണ്ട്. "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കയാൽ ക്രിസ്തുവും അങ്ങനെ തന്നേ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും'' (എബ്രാ.9:27,28). ഒരിക്കൽ മരണവും അനന്തരം ന്യായവിധിയും സ്രഷ്ടാവായ ദൈവമാണ് നിശ്ചയിച്ചിരിക്കുന്നത്. മരണം ഒരിക്കൽ എന്നപോലെ ജീവിതവും ഒരിക്കൽ മാത്രം. മരണത്തോടൊപ്പം മനുഷ്യൻ ഇല്ലാതെ പോകുന്നെങ്കിൽ പിന്നെ ദൈവം അവനെ ന്യായം വിധിക്കുന്നത് എങ്ങനെ? വാസ്തവത്തിൽ ഇല്ലാത്ത ഒരു മനുഷ്യനെ ന്യായം വിധിക്കുവാൻ സാധിക്കുമോ? അത്തരം ഒരു കാര്യം ദൈവത്തിന് ആരോപിക്കുന്നത് മേൽത്തരമായ യുക്തിശൂന്യമായിരിക്കും. അത് ദൈവദൂഷണവും ആയിരിക്കും. ദൈവവചനം എന്തു പറയുന്നു എന്നതാണ് നമുക്ക് ആധാരം.

ഒരിക്കൽ പണ്ഡിതനായ ഒരു പ്രൊഫസർ ബൈബിളിലെ അടിസ്ഥാനസത്യങ്ങളെയെല്ലാം നിഷേധിച്ചു പ്രസംഗം പൊടിപൊടിച്ചുകൊണ്ടിരുന്നു. സദസ്സിൽ ഇരുന്ന ഒരു വല്യമ്മയ്ക്ക് ഒട്ടും സഹിപ്പാൻ പാടില്ലാതായി. വല്യമ്മ എഴുന്നേറ്റ് പ്രസംഗകനോട് ഒരു ചോദ്യം ചോദിച്ചു. "സ്ത്രീകൾക്ക് മേമീശ ഇല്ലാത്തതും പുരുഷന്മാർക്ക് അതുള്ളതും എന്തുകൊണ്ട്?'' എന്നതായിരുന്നു വൃദ്ധവനിതയുടെ ചോദ്യം. "എനിക്ക് അറിയാൻ പാടില്ല'' എന്ന് പ്രസംഗകൻ ഉത്തരം പറഞ്ഞു. "എടോ, മൂക്കിന്റെ തൊട്ടുതാഴെ ഇരിക്കുന്ന മേമീശയുടെ കാര്യം നിങ്ങൾക്കറിയാൻ പാടില്ലെങ്കിൽ, ദൈവം, മതം മുതലായ മർമ്മങ്ങളെക്കുറിച്ച് നിങ്ങൾക്ക് എങ്ങനെ പറയുവാൻ സാധിക്കും. നിങ്ങൾ ലജ്ജിച്ച് അവിടെ ഇരിക്ക'' എന്നു പറഞ്ഞ് വല്യമ്മ പ്രൊഫസറെ ഇരുത്തിക്കളഞ്ഞു. "ഇരുട്ട് നിറഞ്ഞ മുറിയിൽ വാസ്തവത്തിൽ ഇല്ലാത്ത ഒരു കറുത്ത പൂച്ചയെ തപ്പി നടക്കുന്ന ഒരു കുരുടനെ പോലെയാണ് ഈ ലോകത്തിന്റെ തത്വജ്ഞാനി'' എന്ന് പാസ്റ്റർ റ്റി. റ്റി. ഷീൽഡസ് നൽകിയ നിർവചനമാണ് ഈ ബന്ധത്തിൽ ഓർമ്മയിൽ വരുന്നത്. എത്രയും ജ്ഞാനി എന്ന് ഭാവിക്കുന്ന മനുഷ്യനും മരണാനന്തരമുള്ള കാര്യങ്ങളെ കുറിച്ചു ആധികാരികമായി സംസാരിക്കുവാൻ സാധിക്കുന്നതല്ല.

വിവിധ ന്യായവിധികളെ കുറിച്ചു തിരുവെഴുത്തുകൾ പഠിപ്പിക്കുന്നു. "തിരുവെഴുത്തുകൾ വകതിരിച്ചു മനസ്സിലാക്കുക. അപ്പോൾ പ്രയാസങ്ങൾ നീങ്ങിപ്പോകും'' എന്ന് വേദശാസ്ത്രിയായ അഗസ്തീനോസ് പറഞ്ഞിരിക്കുന്നു. ക്രൂശിന്മേലുള്ള പാപത്തിന്റെ ന്യായവിധി, വിശ്വാസികളുടെ സ്വയ ന്യായവിധി, ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പിലുള്ള വിധി, യെഹൂദന്മാർക്ക് ജാതീയമായ ന്യായവിധി, ജീവനോടിരിക്കുന്ന ലോകജാതികൾക്കുള്ള ന്യായവിധി, ദുഷ്ട

ന്മാർക്കുള്ള ന്യായവിധി, എന്നിങ്ങനെയുള്ള വിവിധന്യായവിധികളെ സംബന്ധിച്ച് വേദപുസ്തകത്തിൽ നിന്നു മനസ്സിലാക്കാം. പ്രസ്തുത ന്യായവിധികൾ വേർതിരിച്ചു മനസ്സിലാക്കിയില്ലെങ്കിൽ വേദവിദ്യാർത്ഥികൾ കൂടെക്കൂടെ അബദ്ധവ്യാഖ്യാനക്കുഴിയിൽ ചാടേണ്ടിവരും.

ന്യായവിധി നടത്തുന്ന ന്യായാധിപൻ ആര്? ദൈവപുത്രനായ യേശുക്രിസ്തുതന്നേ. “എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന്നു പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രന്നു കൊടുത്തിരിക്കുന്നു.” (യോഹ.5:22). “അവൻ മനുഷ്യപുത്രൻ ആകയാൽ ന്യായവിധി നടത്തുവാൻ അവന്നു അധികാരവും നൽകിയിരിക്കുന്നു” (യോഹ.5:27). സമ്പൂർണ്ണ ദൈവവും സമ്പൂർണ്ണ മനുഷ്യനുമായ യേശുക്രിസ്തുവാണ് ജഡ്ജി. ലോകത്തിലെ കോടതികളിൽ സാക്ഷികളുടെ വാമൊഴി ആധാരമാക്കിയാണ് ന്യായാധിപന്മാർ കേസുകളുടെ വിധികൾ പുറപ്പെടുവിക്കുന്നത്. അല്ലാതെ, സംഭവങ്ങളുടെയും സംഗതികളുടെയും, നേരിട്ടുള്ള അറിവ് സാധാരണഗതിയിൽ അവർക്കില്ല. “അവന്റെ പ്രമോദം യഹോവാഭക്തിയിൽ ആയിരിക്കും; അവൻ കണ്ണുകൊണ്ട് കാണുന്നതുപോലെ ന്യായപാലനം ചെയ്കയില്ല; ചെവികൊണ്ട് കേൾക്കുന്നതു പോലെ വിധിക്കയുമില്ല” (യെശ.11:3). സാക്ഷികൾ കണ്ടതും കേട്ടതുമായ കാര്യങ്ങൾ അടിസ്ഥാനമാക്കിയുള്ള വിധികളാണ് ലോകത്തിലെ ഏതു കോടതിയും പുറപ്പെടുവിക്കുന്നത്. എന്നാൽ യേശുക്രിസ്തു എന്ന ന്യായാധിപനു സാക്ഷികളുടെ ആവശ്യം ഇല്ല. “മനുഷ്യനിലുള്ളത് എന്ത് എന്ന് സ്വതവേ അറിഞ്ഞിരിക്കയാൽ തനിക്ക് മനുഷ്യനെക്കുറിച്ച് യാതൊരുത്തന്റെയും സാക്ഷ്യം ആവശ്യമായിരുന്നില്ല” (യോഹ.2:25). ലോകത്തിലെ കോടതികളിൽ കേസുകൾ വിസ്തരിച്ച് വിധിപറയുന്നത് പല ജഡ്ജിമാർ ചേർന്ന് ആയിരിക്കും. അപ്പോൾ ന്യായാധിപന്മാർക്കു തമ്മിൽ അഭിപ്രായ വ്യത്യാസവും വിയോജിപ്പും ഉണ്ടായി എന്ന് വരാം. എന്നാൽ, ക്രിസ്തു ന്യായാധിപനായിരിക്കുമ്പോൾ അത്തരം മനുഷ്യസഹജമായ യാതൊരു പരിമിതികളും ഉണ്ടായിരിക്കയില്ല. ക്രിസ്തുവിന്റെ ഭരണവും ഏകാധിപത്യം ആയിരിക്കും.

മനുഷ്യന്റെ നീതിപീഠത്തെത്തന്നേ മനുഷ്യൻ എന്തുമാത്രം ഭയപ്പെടുന്നു. ഒരു മന്ത്രിയെ കുറ്റാരോപണം നിമിത്തം കോടതിയിൽ വിസ്തരിച്ചു. കുറ്റക്കാരനെന്ന് തെളിഞ്ഞ് കോടതിയിൽ വിധി വായിച്ചപ്പോൾ തന്നേ മന്ത്രി മോഹാലസ്യപ്പെട്ടു. അദ്ദേഹത്തെ ഒരു മഞ്ചലിൽ കിടത്തിയാണ് കോടതിമുറിയിൽ നിന്ന് വെളിയിലേക്ക് തള്ളിക്കൊണ്ടുവന്നത്. പ്രിയ വായനക്കാരാ, ദൈവത്തിന്റെ പരമോന്നത കോടതിയെ നിങ്ങൾ എങ്ങനെ അഭിമുഖീകരിക്കും? ദൈവത്തിന്റെ സുപ്രീംകോടതിയിൽ പാപികൾക്കായി നടക്കുവാൻ പോകുന്ന ഭയങ്കരമായ ന്യായവിധിയെക്കുറിച്ച് ബൈബിൾ എന്തു പറയുന്നു എന്നു നോക്കാം. “ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽ നിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നിൽക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിനു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം.ജീവപുസ്തക

ത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും(വെളി.20:11-15).

കാര്യത്തിന്റെ ഗൗരവം അറിയാതെ ദൈവത്തിന്റെ ന്യായവിധിയെ പുച്ഛിക്കുന്ന കോടിക്കണക്കിനാളുകൾ ലോകത്തിൽ ഉണ്ട്. ഇന്നത്തെ പരിഷ്കൃത ലോകത്തിന് ഒട്ടും ചേരാത്ത ഒരു പഴഞ്ചൻ സിദ്ധാന്തം ആണ് ഇത് എന്നാണവരുടെ അഭിപ്രായം. കൊക്കുകൾ പ്രതികാരവും ന്യായവിധിയും നടത്തിയ ഒരു കഥ ഗ്രീസിൽ ഉണ്ട്. ഇബിക്കസ് എന്ന മഹാകവി ഒളിമ്പിക് കളികൾ നടക്കുന്ന പട്ടണത്തിലേക്ക് യാത്ര ചെയ്തുകൊണ്ടിരുന്നു. ഒരു വിജനസ്ഥലത്തു വെച്ച് അദ്ദേഹം കള്ളന്മാരുടെ കൈകളിൽ അകപ്പെട്ടു. അവർ കവിയുടെ കൈയിൽ ഉണ്ടായിരുന്ന പണവും സാധനങ്ങളുമെല്ലാം അപഹരിച്ചു. ഇബിക്കസ് തല ഉയർത്തി ആകാശത്തേക്ക് നോക്കിയപ്പോൾ ഒരു കൂട്ടം കൊക്കുകൾ പറക്കുന്നത് കണ്ടു. "കൊക്കുകളേ ഈ കൊലപാതകം കാണുന്നതിന് മറ്റ് സാക്ഷികൾ ആരുമില്ല. അതുകൊണ്ട് നിങ്ങൾ തന്നേ ഈ ദാരുണമായ കൊലപാതകത്തിന് പ്രതികാരവും ന്യായവിധിയും നടത്തണം, എന്നു പറഞ്ഞ് നീതി നടത്തുന്ന കാര്യം കൊക്കുകളെ ഭരമേല്പിച്ചിട്ട് ഇബിക്കസ് അക്രമികളാൽ വധിക്കപ്പെട്ടു. കൊലപാതകന്മാർ, അപഹരിച്ച പണവും കൊണ്ട് ഒളിമ്പിക് കളികൾ കാണുന്നതിന് സ്റ്റേഡിയത്തിലേക്ക് പോയി. പണം ചെലവാക്കാൻ പറ്റിയ സന്ദർഭം! ഇബിക്കസിന്റെ കൊലപാതകത്തിന് സാക്ഷികളായ കൊക്കുകളും ആകാശമാർഗ്ഗം സ്റ്റേഡിയത്തിന്റെ മുകളിൽ എത്തി. അക്രമികളിൽ ഒരുത്തൻ കൊലപാതകത്തിൽ പങ്കാളിയായ സഖിയോട്, "നോക്ക്, ഇബിക്കസിന്റെ പ്രതികാരം നടത്തുന്ന കൊക്കുകൾ" എന്ന് പരിഹസിച്ചു പറഞ്ഞു. അടുത്തുതന്നേ നിന്നിരുന്ന സി. ഐ. ഡി പോലീസ് അവനെ പിടികൂടി. കൂടെയുണ്ടായിരുന്ന അക്രമികളെയെല്ലാം പോലീസ് പിടിച്ചു. അധികാരികൾ കുറ്റക്കാരെ ശിക്ഷിയ്ക്കുകയും ചെയ്തു. അങ്ങനെ കൊക്കുകൾ ന്യായവിധി നടത്തി.

പ്രിയ വായനക്കാരാ, കേവലം കൊക്കുകൾ പ്രതികാരവും ന്യായവിധിയും നടത്തിയെങ്കിൽ, നീതിമാനും സർവ്വശ്കതനുമായ ദൈവം പ്രതികാരവും ന്യായവിധിയും നടത്തുകയില്ലയോ? നിങ്ങൾ ദൈവത്തിന്നു വിരോധമായി പാപം ചെയ്തെങ്കിൽ, ദൈവത്തിന്റെ സുപ്രീംകോടതിയിൽനിന്ന് നിങ്ങൾക്ക് ഒഴിഞ്ഞുമാറുവാൻ, തെറ്റി ഒഴിയുവാൻ എങ്ങനെ സാധിക്കും?

***3***

# പാപിയായ മനുഷ്യന്റെ സ്വപ്രയത്നം കൊണ്ട് ഒരിക്കലും രക്ഷ പ്രാപിക്കാൻ സാദ്ധ്യമല്ല

എല്ലാ മനുഷ്യരും പാപികളാണെന്നും പാപപരിഹാരം നേടിയില്ലെങ്കിൽ, മരണം, ന്യായവിധി, നരകം എന്നിവ അവർ അനുഭവിക്കേണ്ടിവരും എന്നും കഴിഞ്ഞ അദ്ധ്യായങ്ങളിൽ നാം ചിന്തിച്ചു കഴിഞ്ഞു. പാപിയായ മനുഷ്യന്റെ സ്വപ്രയത്നം കൊണ്ട് പാപപരിഹാരം ഉണ്ടാക്കുവാൻ സാദ്ധ്യമല്ല എന്ന പ്രധാന വിഷയമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുവാൻ പോകുന്നത്. മനുഷ്യൻ

സ്വപ്രയത്നം ഏദെൻ തോട്ടത്തിൽ തന്നേ തുടങ്ങി. അവർ, "അത്തിയില കൂട്ടി ത്തുന്നി തങ്ങൾക്ക് അരയാട ഉണ്ടാക്കി" എന്ന് ഉല്പത്തിപുസ്തകത്തിൽ രേഖ പ്പെടുത്തിയിരിക്കുന്നു. മാത്രമല്ല, ദൈവം തങ്ങളെ കാണാതിരിക്കാൻ, അവർ വൃക്ഷങ്ങളുടെ ഇടയിൽ ഒളിക്കുകയും ചെയ്തു. ദൈവത്തിന്റെ സന്നിധിയിലും ദൈവത്തോടുള്ള കൂട്ടായ്മയിലും പരമാനന്ദം അനുഭവിച്ചുകൊണ്ടിരുന്ന മനു ഷ്യൻ പാപം നിമിത്തം ഭയപ്പെട്ട് ഒളിക്കേണ്ടിവന്നു. പാപം വരുത്തിവെച്ച വിന! "യഹോവയായ ദൈവം ആദാമിന്നും അവന്റെ ഭാര്യക്കും തോൽകൊണ്ടു ഉടുപ്പു ണ്ടാക്കി അവരെ ഉടുപ്പിച്ചു" (ഉല്പ. 3:21). മനുഷ്യന്റെ കരുതലും ദൈവത്തിന്റെ കരുതലും തമ്മിലുള്ള വ്യത്യാസം!

പാപത്തിന്നു പ്രായച്ഛിത്തം ഉണ്ടാക്കി ദൈവത്തോട് നിരക്കുവാൻ മനുഷ്യൻ എല്ലാകാലത്തും ചെയ്യുന്ന സൽപ്രവൃത്തികളുടെ ഒരു മുൻകുറിയാണ് ഏദെനിലെ "അത്തിയില കൊണ്ടുള്ള അരയാട". ഈ ബന്ധത്തിൽ, ഇംഗ്ലണ്ടിലെ സർവ്വസൈന്യാധിപനായിരുന്ന വെല്ലിങ്ടൺ പ്രഭുവിനെപ്പറ്റിയുള്ള ഒരു കഥ യാണ് എന്റെ ഓർമ്മയിൽ വരുന്നത്. ഒരു ദിവസം അദ്ദേഹം തന്റെ ഓഫീസ്മുറിയിൽ ഇരിക്കയായിരുന്നു. കണ്ടുപിടുത്തക്കാരൻ എന്ന നിലയിൽ ഒരാൾ അദ്ദേഹത്തിന്റെ അടുക്കൽ വന്നു തന്നെത്താൻ പരിചയപ്പെടുത്തി. ഇരുമ്പു പ്രഭു ആഗതനെ ഔപചാരികമായി സ്വീകരിച്ച് ഇരുത്തി. ആഗതൻ ആയിടെ, വെടിയുണ്ട ഏല്ക്കാത്ത ഒരു മാർക്കവചം കണ്ടുപിടിച്ചിട്ടുണ്ടെന്നും പ്രഭുവിന്റെ പടയാളികൾക്കായി പ്രസ്തുത കവചം വാങ്ങുന്നതിന് ഉത്തരവ് കൊടുക്കണമെന്നും ആവശ്യപ്പെട്ടു. വെല്ലിങ്ടൺ പ്രഭു കണ്ടുപിടിത്തക്കാരനെ തന്നേ ആദ്യം പരീക്ഷിക്കുന്നതിനു തീരുമാനിച്ചു.ആയാൾ മാതൃകയായികൊണ്ടു വന്ന മാർക്കവചം ധരിച്ചുകൊണ്ടു നിൽക്കുന്നതിന് പ്രഭു ആവശ്യപ്പെട്ടു. അതോ ടൊപ്പം, കണ്ടുപിടിത്തക്കാരന്റെ നെഞ്ചിന് വെടി വെക്കുവാൻ പ്രഭു ഒരു പടയാ ളിക്ക് കല്പന കൊടുത്തു. തൽക്ഷണം, കണ്ടുപിടുത്തക്കാരൻ തൊട്ടടുത്തുണ്ടാ യിരുന്ന ഒരു ജനലിൽക്കൂടി ചാടി, ഓടി രക്ഷപ്പെട്ടു. ഈ മാർക്കവചം പാപിയായ മനുഷ്യന്റെ സ്വയനീതിയുടെ ഒരു ചിത്രമാണ്. ഒരു മനുഷ്യനും സ്വയനീതി കൊണ്ട് നീതിമാനും പരിശുദ്ധനുമായ ദൈവത്തെ പ്രസാദിപ്പിച്ച് മുക്തി പ്രാപി യ്ക്കുന്നതിനും സ്വർഗ്ഗത്തിൽ പോകുന്നതിനും ഒരുനാളും സാദ്ധ്യമല്ല.

സൽപ്രവൃത്തികൾ മൂലം പാപത്തിൽ നിന്ന് വിടുതൽ പ്രാപിക്കാം എന്ന വിശ്വവ്യാപകമായ ഒരു ഉപദേശം ഉണ്ട്. ഇത് വളരെ അസ്പഷ്ടമായ ഒരു ഉപ ദേശം ആണ്. സൽപ്രവൃത്തികൾ മൂലമാണ് രക്ഷ എങ്കിൽ സൽപ്രവൃത്തികൾ ഏതെല്ലാമെന്ന് ലോകചരിത്രത്തിൽ ആരെങ്കിലും ഖണ്ഡിതമായി-ആധികാരിക മായി പറഞ്ഞിട്ടുണ്ടോ? എഴുതിയിട്ടുണ്ടോ? സൽപ്രവൃത്തികൾക്ക് ആരെങ്കിലും ശരിയായ ഒരു നിർവചനം നൽകിയിട്ടുണ്ടോ? ഒരു പ്രവൃത്തി, സൽപ്രവൃത്തിയോ അല്ലയോ എന്ന് തീരുമാനിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്? ഇത്തരം അന വധി ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരങ്ങൾ ലഭിക്കുന്നില്ല. കൊലപാതകവും കൂട്ടക്കൊലയും മേല്ത്തരമായ സൽപ്രവൃത്തികൾ എന്ന് നിർലജ്ജം കൊട്ടിഘോ ഷിക്കുന്ന ആളുകൾ ധാരാളം ഉണ്ട്. ഏതെങ്കിലും ഒരു ഗുരു വളരെ പരിശ്ര മിച്ചു സൽപ്രവൃത്തികളുടെ ഒരു നീണ്ട പട്ടിക തയ്യാറാക്കി എന്നിരിക്കട്ടെ. പ്രസ്തുത പട്ടികയിലുള്ള സൽപ്രവൃത്തികളെല്ലാം ചെയ്യാൻ തക്കവണ്ണം സമയവും സൗകര്യവും ഉള്ള എത്ര മനുഷ്യർ ലോകത്തിൽ ഉണ്ടായിരിക്കും? പാപിയായ മനുഷ്യൻ രക്ഷ പ്രാപിക്കുന്നതിനു കുറഞ്ഞപക്ഷം ചെയ്യേണ്ട സൽപ്രവൃത്തികൾ എന്തെല്ലാം എന്നു ഖണ്ഡിതമായി പറയുവാൻ ആർക്കെങ്കിലും സാധിക്കുമോ? മേൽപ്പറഞ്ഞ പ്രധാന ചോദ്യങ്ങൾ ഉത്തരം കിട്ടാത്ത ചോദ്യങ്ങളായി അവശേഷിക്കു ന്നതുകൊണ്ട് സൽപ്രവൃത്തികൾ മൂലം രക്ഷ എന്ന ഉപദേശം അസ്പഷ്ടവും അപ്രായോഗികവുമാണ്. "ഞങ്ങൾ എല്ലാവരും അശുദ്ധനെപ്പോലെ ആയി

ത്തീർന്നു; ഞങ്ങളുടെ നീതിപ്രവൃത്തികൾ ഒക്കെയും കറപിരണ്ട തുണിപോലെ'' (യെശ.64:6).

പാപം എന്തെന്ന് സൂക്ഷ്മമായി അറിയാത്തതിന്റെ ഫലമായിട്ടാണ് സൽപ്രവൃത്തികൾ മൂലം പാപത്തിനു പരിഹാരം ഉണ്ടാക്കാം എന്ന ഉപദേശം ഉടലെടുത്തത്. പാപം എന്നാൽ എന്ത്? ''നിന്നോടു തന്നേ ഞാൻ പാപം ചെയ്തു; നിനക്ക് അനിഷ്ടമായുള്ളത് ഞാൻ ചെയ്തിരിക്കുന്നു'' (സങ്കീ.51:5). ''അഴമശിെ ്രീൗ, ്രീൗ ീഹ്യ വമ്ല ക ശിലേറ□ എന്നാണ് ചഗഖ പരിഭാഷ. ''നിനക്ക് വിരോധമായി ഞാൻ പാപം ചെയ്തു''. സ്രഷ്ടാവായ ദൈവത്തിനു എതിരായി-വിരോധമായി മനുഷ്യൻ ചെയ്യുന്നതാണ് പാപം. മനുഷ്യൻ ദൈവത്തിന് വിരോധമായി, മനസ്സാ വാചാ കർമ്മണാ ചെയ്യുന്നതെല്ലാം പാപമാണ്. ചെയ്യണം എന്ന് ദൈവം കല്പിച്ചത് ചെയ്യാതെയും ചെയ്യരുതെന്ന് ദൈവം കല്പിച്ചത് ചെയ്തും നാമെല്ലാവരും ദൈവമുമ്പാകെ അപരാധികളാണ്. രാജാധിരാജാവും കർത്താധികർത്താവുമായ ദൈവത്തിന്റെ കല്പന ലംഘിക്കുന്നതാണ് പാപം. ദൈവം ഒരിക്കലും കുറ്റക്കാരനല്ല. മനുഷ്യനാണ് കുറ്റക്കാരൻ. കുറ്റക്കാരനായ മനുഷ്യന്റെ വ്യവസ്ഥകൾ അനുസരിച്ച് പരിശുദ്ധനും നീതിമാനുമായ ദൈവം മനുഷ്യന് മോചനം കൊടുക്കണം എന്ന് പറയുന്നത് വെറും മൗഢ്യമായിരിക്കും. ഏതൊരു ദൈവത്തിനു വിരോധമായി മനുഷ്യൻ പാപം ചെയ്തുവോ ആ ദൈവമാണ് കുറ്റക്കാരനായ മനുഷ്യനു പാപപരിഹാരത്തിനുള്ള മാർഗ്ഗം നൽകേണ്ടത്. ആ ദൈവം നൽകുന്ന വ്യവസ്ഥ അനുസരിച്ചാണ് അപരാധിയായ മനുഷ്യൻ ദൈവത്തോടു നിരക്കേണ്ടത്.

ഈ ബന്ധത്തിൽ ജൂലിയസ് സീസറിനെക്കുറിച്ചുള്ള ഒരു കഥ എന്റെ ഓർമ്മയിൽ വരുന്നു. ഒരു നാട്ടുരാജാവ് സീസറിനു എതിരെ യുദ്ധം ചെയ്തുകൊണ്ടിരുന്നു. യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ തന്നേ, നാട്ടുരാജാവ് വളരെ വിലപിടിപ്പുള്ള രത്നങ്ങൾ പതിച്ച ഒരു കിരീടം ഉണ്ടാക്കിച്ചു അദ്ദേഹം ചില പ്രതിനിധികളുടെ കൈവശം ആ കിരീടം സമ്മാനമായി സീസറിനു കൊടുത്തയച്ചു. എന്നാൽ സീസർ പ്രസ്തുത കിരീടം സ്വീകരിച്ചില്ല. ''നിങ്ങളുടെ രാജാവ് എന്റെ ശത്രുവാണ്. അയാൾ ഇപ്പോഴും എന്റെ അധികാരത്തോടു മത്സരിച്ച് എനിക്കു വിരോധമായി യുദ്ധം ചെയ്തുകൊണ്ടിരിക്കയാണ്. ഈ സ്ഥിതിയിൽ ഞാൻ നിങ്ങളുടെ രാജാവ് കൊടുത്തയച്ച കിരീടം സമ്മാനമായി സ്വീകരിക്കയില്ല. ആദ്യം നിങ്ങളുടെ രാജാവ് ആയുധങ്ങൾ താഴെവെച്ച് എനിക്കു കീഴടങ്ങണം. പിന്നെ മാത്രമേ, ഞാൻ രാജാവു കൊടുത്തയച്ച കിരീടം സ്വീകരിക്കയുള്ളു'' എന്ന മതിയായ കാരണം പറഞ്ഞ് സീസർ നാട്ടുരാജാവ് കൊടുത്തയച്ച വിലയേറിയ കിരീടം മടക്കി അയച്ചുകളഞ്ഞു. പാപികളായ മനുഷ്യർ ദൈവത്തെ പ്രസാദിപ്പിച്ചു മുക്തി നേടാൻ വളരെ ചെലവഴിച്ചു ചെയ്യുന്ന സൽക്കർമ്മങ്ങൾ സീസർ നിരാകരിച്ച കിരീടം പോലെയാണ്. പാപിയായ മനുഷ്യൻ ദൈവത്തിന്റെ ശത്രുവാണ്. ശത്രുതയിൽ ഇരുന്നുകൊണ്ട് മനുഷ്യൻ ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി വളരെയധികം പണം ചെലവഴിച്ചു സൽക്കർമ്മങ്ങൾ ചെയ്യുന്നത് വിരോധാഭാസമായി തോന്നുന്നു. പാപിയായ മനുഷ്യൻ ഏറ്റം മെച്ചമെന്നു കരുതി ചെയ്യുന്ന സൽപ്രവൃത്തികളും പരിശുദ്ധനും നീതിമാനുമായ ദൈവം അംഗീകരിക്കുന്നില്ല.

പാപിയായ മനുഷ്യൻ, ചെയ്തുപോയ പാപത്തിനു വേണ്ടി പശ്ചാത്തപിച്ചാൽ മുക്തി ലഭിക്കും എന്ന അനേകർ വിശ്വസിക്കുന്നു. ഈ ആശയം ചില കവികളും പാടീട്ടുണ്ട്. എന്നാൽ പാശ്ചാത്തപിക്കുന്നതുകൊണ്ടു മാത്രം പാപത്തിന് നീതിപ

രമായ ഒരു പ്രായശ്ചിത്തം ഉണ്ടാകുന്നില്ല. കുറ്റം ചെയ്യുന്ന മനുഷ്യൻ ന്യായമായി ശിക്ഷിക്കപ്പെടണം. നീതിമാനായ ദൈവം കുറ്റം ചെയ്ത മനുഷ്യനെ ശിക്ഷിക്കേണ്ടത് ആവശ്യം. ദൈവം ലോകത്തിന്റെ ധാർമ്മിക ഭരണകർത്താവ് (ങ്ട്യ്രമഹ ഏീ്ല്യീ്യ) എന്ന നിലയിൽ പാപിയെ ശിക്ഷിച്ചേ മതിയാകൂ. അപരാധി പശ്ചാത്തപിക്കുന്നു എന്ന കാരണത്താൽ ലോകത്തിലെ ഏതെങ്കിലും കോടതി അവനെ വിട്ടയക്കുമോ? ഒരിക്കലുമില്ല. കർത്താവായ യേശുക്രിസ്തുവിനെ കാണിച്ചുകൊടുത്ത യൂദയും പശ്ചാത്തപിച്ചു. പക്ഷെ, പ്രയോജനം ഒന്നും ഉണ്ടായില്ല. അവൻ നിത്യശിക്ഷെക്കു പാത്രനായി. ദൈവത്തിനു തന്റെ പൂർണ്ണനീതിയെ ഭംഗപ്പെടുത്തി ഒരു പാപിയെ രക്ഷിക്കാൻ സാദ്ധ്യമല്ല. ലോകത്തിലെ കോടതികളിലെ നീതിയെക്കാൾ കുറഞ്ഞ നീതിയാണോ ദൈവത്തിനുള്ളത്? നമുക്ക് അങ്ങനെ ചിന്തിക്കുവാൻ പോലും വയ്യ. പാപം ചെയ്ത മനുഷ്യനെ ദൈവം ശിക്ഷിക്കണം. അത് ദൈവത്തിന്റെ നീതി. പാപം ചെയ്ത മനുഷ്യനെ ദൈവം രക്ഷിക്കണം. അത് ദൈവത്തിന്റെ കരുണ. മനുഷ്യനു ഒരേ സമയം നീതി നടത്തുന്നതിനും കരുണ കാണിക്കുന്നതിനും സാദ്ധ്യമല്ല. മനുഷ്യന്റെ പരിമിതിയാണ് കാരണം. എന്നാൽ ദൈവം അപരിമിതനായതുകൊണ്ട് തന്റെ നീതിക്ക് ഒട്ടും ഭംഗം വരാതെ ക്രിസ്തുവിൽ കൂടി മനുഷ്യവർഗ്ഗത്തോട് കരുണ കാണിച്ചു. ഇതാണ് സുവിശേഷം. സുവിശേഷം എന്നാൽ നല്ല കഥ അഥവാ സന്തോഷവാർത്ത.

4

# പാപമില്ലാത്ത ഒരു വ്യക്തിക്കു മാത്രമേ പാപിയെ രക്ഷിക്കാൻ സാധിക്കൂ

ആദാമിന്റെ പാപം നിമിത്തം എല്ലാവരും പാപികളായി. ദൈവം ആദാമിനെ സൃഷ്ടിച്ചതിനു ശേഷം മറ്റാരെയും നിഷ്പാപരായി സൃഷ്ടിച്ചതായി വേദപുസ്തകത്തിൽ രേഖ ഇല്ല. ഇന്ന് ലോകത്തിലുള്ളവരെല്ലാം പാപം ചെയ്ത ആദാമിന്റെയും ഹവ്വയുടെയും സന്തതികളാണ്. അതുകൊണ്ട് ആദാമ്യവർഗ്ഗത്തിൽപെട്ട യാതൊരുത്തനും മറ്റുള്ളവരെ രക്ഷിക്കുന്നതിനുള്ള യോഗ്യത ഇല്ല. നിഷ്പാപനായ ഒരു രക്ഷിതാവ് സ്വർഗ്ഗത്തിൽ നിന്ന് ഈ ലോകത്തിലേക്ക് വരേണ്ടത് ആവശ്യമായിരുന്നു. "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ; ആ പാപികളിൽ ഞാൻ ഒന്നാമൻ" (1 തിമൊ.1:15). മറ്റുള്ളവരെല്ലാം ലോകത്തിൽ ജനിച്ചവരാണ്. അവർക്കാർക്കും പൂർവ്വാസ്തിക്യം ഇല്ല. എന്നാൽ, ക്രിസ്തു മാത്രം ലോകത്തിൽ വന്നവനാണ്. ജനിച്ചവരെല്ലാം പാപികളായതുകൊണ്ട് നിഷ്പാപനായ യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്ന് ഏകദേശം 2000 വർഷം മുമ്പ് മനുഷ്യാവതാരം മൂലം രക്ഷിതാവായി ഈ ലോകത്തിൽ വന്നു. യേശുക്രിസ്തുവിന് പൂർവ്വാസ്തിക്യം ഉണ്ടായിരുന്നതുകൊണ്ടാണ് അവൻ സ്വർഗ്ഗത്തിൽ നിന്ന് ലോകത്തിലേക്കു വന്നത്. യേശുക്രിസ്തു നിഷ്പാപനാണോ എന്ന് കൂലങ്കഷമായി പരിശോധിക്കയാണ് ഈ അധ്യായത്തിലെ വിഷയം.

യേശുക്രിസ്തുവിനു ജന്മപാപം ഇല്ല. "പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്നു നിങ്ങൾ അറിയുന്നു; അവനിൽ പാപം ഇല്ല" (1.യോഹ.3:5). യേശുക്രിസ്തുവിനു ഒരു മനുഷ്യപിതാവ് ഉണ്ടായിരുന്നെങ്കിൽ, അവൻ മറ്റെല്ലാവരെയും പോലെ പാപിയായിരുന്നേനെ. ക്രിസ്തുവിന്റെ കന്യകാജനനത്തെകുറിച്ച് താൻ ജനിക്കുന്നതിന് 700 വർഷം മുമ്പെ പ്രവചനം ഉണ്ടായി. "അതുകൊണ്ടു കർത്താവു തന്നേ നിങ്ങൾക്ക് ഒരു അടയാളം തരും; കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന്നു ഇമ്മാനൂവേൽ എന്നു പേർ വിളിക്കും" (യെശ.7:14). കന്യക എന്ന പദത്തിന് യുവതി എന്നു അർത്ഥമേ ഉള്ളു എന്നുപറഞ്ഞ് ശത്രുക്കൾ വ്യാഖ്യാനിച്ചുതള്ളുന്നതിന് ഒരു ശ്രമം നടത്തീട്ടുണ്ട്. എന്നാൽ യുവതി പ്രസവിക്കുന്നത് സാധാരണ ഒരു കാര്യമാണ്. അത് അടയാളം ആകുന്നത് എങ്ങനെയെന്ന് അവർ പറയണം.

ക്രിസ്തുവിന്റെ ജനനത്തെ സംബന്ധിച്ചു പുതിയനിയമം എന്തു പറയുന്നു. "എന്നാൽ യേശുക്രിസ്തുവിന്റെ ജനനം ഈവണ്ണം ആയിരുന്നു. അവന്റെ അമ്മയായ മറിയ യോസേഫിന്നു വിവാഹം നിശ്ചയിക്കപ്പെട്ടശേഷം അവർ കൂടി വരുംമുമ്പെ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു. അവളുടെ ഭർത്താവായ യോസേഫ് നീതിമാനാകകൊണ്ടും അവൾക്കു ലോകാപവാദം വരുത്തുവാൻ അവന്നു മനസ്സില്ലായ്കകൊണ്ടും അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചു. ഇങ്ങനെ നിനെച്ചിരിക്കുമ്പോൾ കർത്താവിന്റെ ദൂതൻ അവന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി: ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യ

യായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട; അവളിൽ ഉല്പാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിയ്ക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന്നു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനൂവേൽ എന്നു പേർ വിളിക്കും'' എന്നു കർത്താവു പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തിയാകുവാൻ ഇതൊക്കെയും സംഭവിച്ചു''(മത്താ. 1:18-23). പിതാവായ ദൈവം പുത്രനുവേണ്ടി ഒരു ശരീരം ഒരുക്കിയതായി എബ്രാ.10:5-ൽ വായിക്കുന്നു. പിതാവായ ദൈവം പരിശുദ്ധാത്മാവിനാൽ പുത്രനുവേണ്ടി ഒരു ശരീരം ഒരുക്കി. അതുകൊണ്ട് ക്രിസ്തുവിന്റെ ജനനം "രക്തത്തിൽ നിന്നും ജഡത്തിന്റെ ഇഷ്ടത്താലും പുരുഷന്റെ ഇഷ്ടത്താലുമുള്ള'' ഒന്നല്ലായിരുന്നു. ഒരു മനുഷ്യപിതാവില്ലാത്തതു മൂലം ക്രിസ്തുവിന്റെ ജനനം നിഷ്പാപമായിരുന്നു. എല്ലാ മനുഷ്യർക്കും ഉള്ളതുപോലെ ക്രിസ്തുവിനു ജന്മപാപം ഇല്ല എന്നു ചുരുക്കം.

അടുത്തതായി യേശുക്രിസ്തുവിനു കർമ്മപാപം ഉണ്ടോ എന്നു പരിശോധിയ്ക്കാം. ക്രിസ്തുവിന്റെ ജീവിതവും ഉപദേശവും ഒരു തുറന്ന പുസ്തകമാണ്. "നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു ബോധം വരുത്തുന്നു? ഞാൻ സത്യം പറയുന്നു എങ്കിൽ നിങ്ങൾ എന്നെ വിശ്വാസിക്കാത്തതു എന്ത്? (യോഹ.8:46) ഇത് ശത്രുക്കളുടെ മുമ്പിലുള്ള ക്രിസ്തുവിന്റെ ഒരു തുറന്ന വെല്ലുവിളി ആയിരുന്നു. ബോധം വരുത്തുക എന്നതിന് ജെ. എൻ. ഡാർബി "ഇീി്ശിരല''എന്ന പദം ഉപയോഗിച്ചിരിക്കുന്നു. പ്രസ്തുത പദത്തിന് തെളിവു നൽകി ബോധ്യപ്പെടുത്തുക എന്നർത്ഥം. ചഗഖ "ഇീി്ശരേ'' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. പ്രസ്തുതപദത്തിനു കുറ്റവാളി എന്നു കണ്ട് ശിക്ഷെക്കു വിധിയ്ക്ക എന്നർത്ഥം. ഇന്ന് ലോകത്തിലുള്ള ഏതെങ്കിലും ഗുരുവിനോ നേതാവിനോ വൈരികളുടെ മുമ്പിൽ ധൈര്യമായി ഇത്തരം ഒരു വെല്ലുവിളി നടത്തുവാൻ സാധിക്കുമോ? ക്രിസ്തുവിനെ പിടിക്കാൻ പോയ ഉദ്യോഗസ്ഥർ മടങ്ങി വന്നു തങ്ങളെ നിയോഗിച്ചവരോട് പറഞ്ഞവാക്കുകൾ പ്രത്യേകം കുറിക്കൊള്ളേണ്ടതാണ്. "ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല'' (യോഹ.7:46). നിഷ്പാപ ജീവിതത്തിന്റെ ഉടമയ്ക്കേ ധാർമ്മിക ധൈര്യം ഉണ്ടാകയുള്ളു. അല്ലാത്തവർ കാണിക്കുന്ന ധൈര്യം മേൽത്തരമായ കപടമായിരിക്കും.

ക്രിസ്തുവിന്റെ പാപമില്ലായ്മക്ക് അനവധി സാക്ഷികളെ അണിനിരത്തുവാൻ സാധിക്കും. "അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല'' (1 പത്രൊ.2:22). ക്രിസ്തുവിന്റെ ജീവിതം നിഷ്പാപമായിരുന്നു എന്നതിനു വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള അഞ്ചുസാക്ഷികളുടെ മൊഴി നമുക്കു പരിശോധിക്കാം. ഒന്നാമതായി, ക്രിസ്തുവിനെ വിസ്തരിച്ച് വിധി പറഞ്ഞ പൊന്തിയോസ് പീലാത്തോസിന്റെ സാക്ഷ്യം വളരെ പ്രധാനമാണ്. അക്കാലത്ത് പലസ്തീൻ ഭരിച്ചിരുന്നത് റോമാക്കാരായിരുന്നു. റോമൻ ഗവർണ്ണറായിരുന്ന പീലാത്തോസിന്റെ മുമ്പിലായിരുന്നു യേശുക്രിസ്തു വിസ്തരിക്കപ്പെട്ടത്. യെഹൂദന്മാരുടെ മഹാപുരോഹിതന്മാരും മൂപ്പന്മാരും ഒരു വലിയ പുരു

ഷാരവും വിസ്താരം നടന്ന സ്ഥലത്ത് കൂടിയിരുന്നു. നേതാക്കന്മാർ ക്രിസ്തുവിനു വിരോധമായി അനവധി കുറ്റങ്ങൾ ഉന്നയിച്ചെങ്കിലും ഒന്നുപോലും തെളിയിക്കുവാൻ അവർക്കു കഴിഞ്ഞില്ല. യെഹൂദന്മാരുടെ അസൂയയും വിദ്വേഷവും വലിയ ആരവാരമായി മാറി. ഇരുമ്പുതുല്യമായ റോമാസാമ്രാജ്യത്തിന്റെ പ്രതിനിധിപോലും നിസ്സഹായനായി. ഒടുവിൽ ജഡ്ജി വെള്ളം എടുത്തു പരസ്യമായി കൈകഴുകി. ആ കൈകഴുകലിന്റെ അർത്ഥം എന്ത്? “എന്നാൽ ഞാൻ എന്റെ ഹൃദയത്തെ ശുദ്ധീകരിച്ചതും എന്റെ കൈകളെ കുറ്റമില്ലായ്മയിൽ കഴുകിയതും വ്യർത്ഥമത്രേ”(സങ്കീ.73:13). ആവർത്തനം.21:6,7 എന്നീ വാക്യങ്ങൾ ഒത്ത് നോക്കുക. നിരപരാധിത്വം തെളിയിക്കുന്നതിനുവേണ്ടിയാണ് കൈകഴുകുന്നത്. പീലാത്തോസ് കൈകഴുകി, അതോടൊപ്പം വിധിയും പറഞ്ഞു. “ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് കുറ്റം ഇല്ല. നിങ്ങൾ തന്നേ നോക്കിക്കൊൾവിൻ” (മത്താ.27:24) പീലാത്തോസ് കൈയൊഴിഞ്ഞ അപരാധം യെഹൂദന്മാർ ജാതീയമായി ഏറ്റെടുത്തു. റോമൻന്യായാധിപനായ പീലാത്തോസിന്റെ വിധി ക്രിസ്തുവിന്റെ നിഷ്പാപതയ്ക്കും നീതിമത്വത്തിനും പ്രധാന തെളിവായി ലോകചരിത്രത്തിൽ അവശേഷിക്കുന്നു. ഇങ്ങനെയൊരു വിധി ലോകചരിത്രത്തിൽ യാതൊരു കോടതിയിലും ഉണ്ടായിട്ടില്ല. മേലാൽ ഉണ്ടാകയുമില്ല.

രണ്ടാമത്തെ സാക്ഷിയെ തേടി നാം ദൂരെ പോകണ്ട. പീലാത്തോസിന്റെ സഹധർമ്മിണിയാണ് രണ്ടാമത്തെ സാക്ഷി. “അവൻ ന്യായാസനത്തിൽ ഇരിക്കുമ്പോൾ അവന്റെ ഭാര്യ ആളയച്ചു. ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുതു; അവൻ നിമിത്തം ഞാൻ ഇന്നു സ്വപ്നത്തിൽ വളരെ കഷ്ടം സഹിച്ചു എന്നു പറയിച്ചു” (മത്താ.27:19). ഈ വനിതയുടെ പേരോ മറ്റു വിവരങ്ങളോ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ക്രിസ്തു നീതിമാൻ എന്ന ഉറച്ച ബോദ്ധ്യം അവൾക്കുണ്ടായിരുന്നു. ക്രിസ്തുവിനെ കുറിച്ചു മനോഹരവും എന്നാൽ ചെറുതുമായ ഒരു സാക്ഷ്യമാണ് പ്രസ്തുത വനിത നല്കിയിരിക്കുന്നത്.

മൂന്നാംസാക്ഷി ഈസ്കാര്യോത്ത് യൂദാ ആണ്. യേശുക്രിസ്തുവിനെ കാണിച്ചു കൊടുത്ത് ദ്രോഹിയായി എന്ന നിലയിൽ അവൻ കുപ്രസിദ്ധനാണ്. “അവനെ ശിക്ഷയ്ക്കു വിധിച്ചു എന്നു അവനെ കാണിച്ചുകൊടുത്ത യൂദാ കണ്ടു അനുതപിച്ചു, ആ മുപ്പത് വെള്ളിക്കാശ് മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ മടക്കി കൊണ്ടുവന്നു; ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു” (മത്താ.27:3,4). ഏകദേശം മൂന്നരവർഷം ക്രിസ്തുവിനോടുകൂടി താമസിക്കയും യാത്ര ചെയ്കയും അവന്റെ ജീവിതത്തിന്റെ ഉള്ളുകള്ളികൾ മുഴുവൻ സൂക്ഷ്മമായി കണ്ടു മനസ്സിലാക്കയും ചെയ്ത ഒരു വ്യക്തിയായിരുന്നു യൂദാ. ഗുരുവിനെ ഏറ്റവും അടുത്തറിഞ്ഞ ഒരു വ്യക്തി എന്ന നിലയിൽ അവന്റെ സാക്ഷ്യത്തിന് വളരെ ഏനവും പ്രാധാന്യവും ഉണ്ട്.

ഈ ബന്ധത്തിൽ ആംഗ്ലിക്കൻ സഭയിലെ ഒരു ഡീക്കൻ യുവാക്കന്മാർക്കായി നടത്തിയ ബൈബിൾക്ലാസ്സിനെക്കുറിച്ചു എവിടെയോ വായിച്ചത് എന്റെ ഓർമ്മയിൽ വരുന്നു. ക്ലാസ്സ് നടന്നുകൊണ്ടിരുന്നപ്പോൾ ഡീക്കൻ യുവാക്കന്മാരോടു

ഒരു ചോദ്യം ചോദിച്ചു. "ആളുകൾ എന്നെ ക്രിസ്ത്യാനി എന്നു വിളിക്കുന്നതു എന്തുകൊണ്ട്?" എന്നതായിരുന്നു ചോദ്യം. യുവാക്കന്മാർ അല്പസമയം മൗനമായിരുന്നു. ഒരു യുവാവ് എഴുന്നേറ്റ്, "ആളുകൾക്ക് താങ്കളെ അറിയാൻ പാടില്ലാത്തതുകൊണ്ടായിരിക്കും അവർ താങ്കളെ ക്രിസ്ത്യാനി എന്ന് വിളിക്കുന്നത്" എന്ന വിചിത്രമായ ഒരു ഉത്തരം പറഞ്ഞു. നമ്മെ അറിയാൻ പാടില്ലാത്തവർ നമ്മെക്കുറിച്ച് എന്തെല്ലാം നല്ല അഭിപ്രായങ്ങൾ പറഞ്ഞു എന്നുവരാം. പ്രസ്തുത അഭിപ്രായങ്ങൾക്ക് വലിയ വില കല്പിക്കാൻ സാദ്ധ്യമല്ല. എന്നാൽ നമ്മെ അടുത്തറിഞ്ഞവരുടെ അഭിപ്രായങ്ങൾക്ക് വലിയ വില കല്പിക്കേണ്ടതാണ്. ഏകദേശം മൂന്നരവർഷക്കാലം കർത്താവിനോടൊപ്പം സന്തതസഹചാരിയായി ജീവിച്ച്, ജീവിതത്തിന്റെ ഉള്ളുകള്ളികൾ എല്ലാം നല്ലപോലെ മനസ്സിലാക്കിയ യൂദായുടെ സാക്ഷ്യം മുഖവിലെക്കു സ്വീകരിച്ചേ പറ്റൂ. ക്രിസ്തു ജീവിതത്തിൽ എന്തെങ്കിലും പാപം ചെയ്യുന്നത് യൂദാ കണ്ടിരുന്നെങ്കിൽ അവൻ നിശ്ചയമായി പശ്ചാത്തപിച്ചു കെട്ടിഞാന്നു മരിക്കയില്ലായിരുന്നു.യേശുക്രിസ്തുവിനെ ഒറ്റിക്കൊടുത്ത നീചപ്രവൃത്തിയെ അവൻ നീതീകരിച്ചേനെ. ക്രിസ്തുവിന്റെ നിഷ്പാപതയ്ക്ക് യൂദായുടെ സാക്ഷ്യം അനിഷേധ്യമായ തെളിവാണ്.

ക്രൂശിൽ മരിച്ച കള്ളനാണ് നാലാമത്തെ സാക്ഷി. അവൻ വെറും കള്ളനല്ല. ദുഷ്പ്രവൃത്തിക്കാരൻ എന്നാണ് മലയാളം ബൈബിളിൽ ഉള്ളത്."ദുഷ്ക്കർമ്മി" എന്നാണ് കർണ്ണാടക പരിഭാഷ. സുറിയാനിയിൽ നിന്നുള്ള ജേയിംസ് മർഡോക്കിന്റെ ഭാഷാന്തരത്തിൽ "ഞീയയല്യ"(കവർച്ചക്കാരൻ) എന്ന പദമാണു വരുന്നത്. സൗകര്യത്തിനുവേണ്ടി നാം കള്ളൻ എന്ന പദമാണ് പ്രസംഗത്തിലും എഴുത്തിലുമൊക്കെ ഉപയോഗിക്കുന്നത്. "നാമോ ന്യായമായിട്ടു ശിക്ഷ അനുഭവിക്കുന്നു; നാം പ്രവർത്തിച്ചതിന്നു യോഗ്യമായതല്ലോ കിട്ടുന്നതു; ഇവനോ അരുതാത്തതു ഒന്നും ചെയ്തിട്ടില്ല എന്നു പറഞ്ഞു" (ലൂക്കൊ.23:41). ഈ മനുഷ്യനും കൂട്ടുകാരനോടു ചേർന്ന് ചില നിമിഷങ്ങൾക്ക് മുമ്പ് ക്രിസ്തുവിനെ നിന്ദിച്ചവനാണ് (മത്താ.27:44). എന്നാൽ പരിശുദ്ധാത്മാവിന്റെ ഒരു പ്രവർത്തനം അവന്റെ ഹൃദയത്തിൽ നടന്നു. തൽഫലമായി അവനിൽ വലിയ മാറ്റം ഉണ്ടായി. ക്രിസ്തുവിനെ ദുഷിച്ച കൂട്ടുകാരനെ അവൻ ശാസിച്ചു. ക്രിസ്തുവിലുള്ള വിശ്വാസം അവൻ പ്രാർത്ഥനയിൽ കൂടി പ്രകടമാക്കി. ആ പരമ ദുഷ്ടൻ ക്രിസ്തുവിനോടുകൂടെ പരദീസയിൽ പ്രവേശിച്ചു.

റോമൻ ശതാധിപനായിരുന്നു അഞ്ചാമത്തെ സാക്ഷി. 'ഈ സംഭവിച്ചതു ശതാധിപൻ കണ്ടിട്ടു: ഈ മനുഷ്യൻ വാസ്തവമായി നീതിമാൻ ആയിരുന്നു എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി." (ലൂക്കൊ.23:47). ഈ ശതാധിപൻ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനു കാവൽ നിന്നവനായ ഒരു സൈനിക ഉദ്യോഗസ്ഥനായിരുന്നു. ഇങ്ങനെ വിവിധ ജീവിത പശ്ചാത്തലങ്ങളിൽ നിന്നുള്ളവർ യേശുക്രിസ്തുവിന്റെ നിഷ്പാപത, നീതിമത്വം എന്നിവയെ സംബന്ധിച്ചു നൽകിയ സാക്ഷ്യം അത്ഭുതമല്ലയോ?

## 5

# ദൈവപുത്രനായ ക്രിസ്തു പാപിയായ മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി എന്തു ചെയ്തു?

യേശുക്രിസ്തുവിനെ ഒരു മതസ്ഥാപകൻ എന്ന നിലയിൽ ബഹുമാനിക്കുന്ന കോടിക്കണക്കിനാളുകൾ ലോകത്തിൽ എവിടെയും ഉണ്ട്. എന്നാൽ ഒരു മതം സ്ഥാപിക്ക എന്നതല്ലായിരുന്നു ക്രിസ്തുവിന്റെ ജീവിത ദൗത്യം. ലോകത്തിൽ മതങ്ങൾ അന്നും ഇന്നും ധാരാളം ഉണ്ട്. മതങ്ങൾക്കു ഒരു കുറവും ഇല്ല. മതവും സുവിശേഷവും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം നാം മനസ്സിലാക്കേണ്ടതാണ്. പ്രധാനമായ നാല് വ്യത്യാസങ്ങൾ നമുക്കു വിചിന്തനം ചെയ്യാം. **ഒന്നാമതായി**, ചെയ്യുക ചെയ്യുക, ചെയ്യുക എന്നാണ് മതങ്ങൾ ഉപദേശിക്കുന്നത്. എന്നാൽ, ചെയ്തു കഴിഞ്ഞു എന്നതാണ് സുവിശേഷം. "യേശു പുളിച്ച വീഞ്ഞ് കുടിച്ചശേഷം നിവൃത്തിയായി എന്നു പറഞ്ഞു തല ചായ്ച്ചു ആത്മാവിനെ ഏല്പിച്ചുകൊടുത്തു" (യോഹ.19:30). മൂലഭാഷയായ ഗ്രീക്കിലെ ഒരുപദം മലയാളത്തിലും "നിവൃത്തിയായി" എന്ന് ഒരുപദമായി തർജമ ചെയ്തിരിക്കുന്നു. ഇംഗ്ലീഷിൽ, "കഭ ശഭ എശിശവെലറ" എന്ന് മൂന്ന് പദം ഉപയോഗിച്ചാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. കർണ്ണാടകത്തിലെ പരിഭാഷ "തീറിതു" (തീർന്നു) എന്നാണ്. എന്താണു നിവൃത്തിയായത്? എന്താണു തീർന്നത്? മനുഷ്യന്റെ രക്ഷെക്ക് വേണ്ടിയുള്ള പ്രവൃത്തി യേശുക്രിസ്തു നിവൃത്തിയാക്കി-തീർത്തു. ഇനിയും പാപിയായ മനുഷ്യൻ രക്ഷയ്ക്കുവേണ്ടി യാതൊന്നും പ്രവർത്തിക്കേണ്ട. ക്രിസ്തു കാൽവറിയിലെ പരമയാഗത്താൽ ഒരുക്കിയ രക്ഷ മനുഷ്യൻ വിശ്വാസത്താൽ ദാനമായി സ്വീകരിച്ചാൽ മതി. **രണ്ടാമതായി**, കർമ്മങ്ങൾ, ആചാരങ്ങൾ, പൂജകൾ ഇത്യാദി ഉൾക്കൊള്ളുന്നതാണ് മതം. എന്നാൽ പാപത്തിൽ മരിച്ച മനുഷ്യന് വീണ്ടുംജനനം മൂലം ഒരു പുതിയ ജീവൻ പ്രദാനം ചെയ്യുന്നതാണ് സുവിശേഷം. മനുഷ്യൻ അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരാണ് (എഫെ.2:1). പാപം മൂലം ദൈവത്തിൽ നിന്നു വേർപെട്ട് ആത്മീകമായി മരിച്ച മനുഷ്യന് ഒരു പുതിയ ജീവനാണ് പ്രധാന ആവശ്യം. **മൂന്നാമതായി**, മതങ്ങളിൽ മനുഷ്യൻ ദൈവത്തെ അന്വേഷിച്ചു പോകുന്നു. ലോകത്തിൽ ഉടനീളം കാണുന്ന അസംഖ്യം തീർത്ഥാടനങ്ങളുടെ അർത്ഥം ഇതാണ്. എന്നാൽ, ദൈവം ക്രിസ്തുവിൽ കൂടി കാണാതെ പോയ മനുഷ്യരെ തേടി വന്നു എന്നതാണ് സുവിശേഷം. "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു എന്നു പറഞ്ഞു"(ലൂക്കൊ. 19:10). **നാലാമതായി**, മതങ്ങളിൽ മനുഷ്യർ ദൈവത്തെ പ്രസാദിപ്പിച്ചു മുക്തി നേടാനായി യാഗങ്ങൾ അർപ്പിക്കുന്നു. എന്നാൽ, ദൈവം മനുഷ്യനായി അവതരിച്ച് കാൽവറിയിലെ പരമയാഗം മൂലം പാപത്തിനു സ്ഥിരമായ പരിഹാരം ഉണ്ടാക്കി എന്നതാണ് സുവിശേഷം. ഇതിൽ കൂടിയ നല്ല കഥ ഉണ്ടോ? സന്തോഷവാർത്ത ഉണ്ടോ?

പാപപരിഹാരത്തിനുവേണ്ടി ദൈവം ആസൂത്രണം ചെയ്ത പദ്ധതി എന്തെന്ന് നാം മനസ്സിലാക്കണം. ക്രിസ്തുവിന്റെ യാഗം മുലമുള്ള രക്ഷ "കശാപ്പുകടയിലെ മതം" (ൗവല ഞലഹശഴശീി ീള വേല ടവമായഹലെ) എന്ന് പറഞ്ഞ് പുച്ഛിക്കുന്ന അനേകർ ഉണ്ട്. യാഗം മൂലമുള്ള പാപപരിഹാരം മനുഷ്യൻ തലപ്പു

കണ്ടു് ആലോചിച്ചു കണ്ടുപിടിച്ച ഒരു ഉപദേശമല്ല. ആദിയിൽ, ദൈവം തന്നേ സ്ഥാപിച്ച ഒരു മാർഗ്ഗമാണ് അത്. കയീനും ഹാബെലും ദൈവത്തിനു വഴിപാടു കൊണ്ടു വന്നു. "യഹോവ ഹാബെലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു" (ഉല്പ.4:4). യാഗം മൂലമാണ് പാപത്തിന് പ്രായശ്ചിത്തം ഉണ്ടാകേണ്ടത് എന്ന സത്യം ദൈവം ആദാമിനു വെളിപ്പെടുത്തി. ആദാം അക്കാര്യം മക്കളെ അറിയിച്ചു. അങ്ങനെ ആയിരുന്നു ഹാബേൽ യാഗത്തിന്റെ കാര്യം മനസ്സിലാക്കിയത്. "വിശ്വാസത്താൽ ഹാബേൽ ദൈവത്തിനു കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു" എന്ന് എബ്രാ.11:4-ൽ വായിക്കുന്നു. ഹാബേൽ എന്താണു വിശ്വസിച്ചത്? ദൈവം നൽകിയതും മാതാപിതാക്കന്മാരിൽ കൂടി ലഭിച്ചതുമായ യാഗത്തെക്കുറിച്ചുള്ള വെളിപ്പാട് ആയിരുന്നു അവൻ വിശ്വസിച്ചത്. പ്രസ്തുത വെളിപ്പാട് കയീൻ നിരാകരിച്ച്, തന്നിഷ്ടപ്രകാരം "നിലത്തിലെ അനുഭവത്തിൽ നിന്ന്" വഴിപാട് കൊണ്ടാവന്നതുകൊണ്ടായിരുന്നു ദൈവം കയീന്റെ വഴിപാടിൽ പ്രസാദിക്കാഞ്ഞത്. ഇതാണ് യൂദായുടെ ലേഖനം 11-ാം വാക്യത്തിൽ പറയുന്ന "കയീന്റെ വഴി" കയീനെപോലെ തന്നിഷ്ടപ്രകാരം സ്വയപ്രയത്നം കൊണ്ട് ദൈവത്തെ പ്രസാദിപ്പിച്ചു മുക്തിനേടാൻ പണിപ്പെടുന്ന കോടിക്കണക്കായ ജനങ്ങൾ എല്ലാകാലത്തും ഉണ്ട്.

യാഗങ്ങളെകുറിച്ച് സമഗ്രവും സവിസ്തരവുമായ ഉപദേശം ബൈബിളിന്റെ ആദ്യഭാഗമായ പഴയനിയമത്തിൽ രേഖപ്പെടുത്തീട്ടുണ്ട്. പഴയനിയമം നിഴലും പുതിയനിയമം പൊരുളും ആണല്ലോ.

പഴയനിയമത്തിൽ തുടർച്ചയായി അർപ്പിച്ചുകൊണ്ടിരുന്ന അസംഖ്യം യാഗങ്ങൾ, ദൈവപുത്രൻ കാലസമ്പൂർണ്ണതയിൽ കാൽവറി മലയിൽ അർപ്പിക്കാനിരുന്ന പരമയാഗത്തെ ചൂണ്ടിക്കാണിക്കുന്ന ചൂണ്ടുപലകകൾ മാത്രമായിരുന്നു. "എന്നാൽ അവൻ ലോകാവസാനത്തിൽ സ്വന്തയാഗം കൊണ്ടു പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി" (എബ്രാ.9:26). യേശുക്രിസ്തു കാൽവറിയിൽ കഴിച്ച ഏകബലി രക്തബലികളെ എന്നേക്കുമായി അവസാനിപ്പിച്ചു. പൊരുൾ വന്നതിനു ശേഷം നിഴലിന് യാതൊരു പ്രസക്തിയുമില്ല. പൊരുൾ വന്നതിനുശേഷവും നിഴലിൽ തപ്പി നടന്ന് കാലഹരണം ചെയ്യുന്ന കോടിക്കണക്കിനാളുകൾ ക്രൈസ്തവ ലോകത്തിൽ ഉണ്ട് എന്നത് ഒരു ദുഃഖസത്യമാണ്. "അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്നു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു" (ഗലാ.3:24)). പൊരുളായ ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തിയതോടെ നിഴലായ ന്യായപ്രമാണത്തിന്റെയും രക്തബലികളുടെയും ജോലി തീർന്നു. മനോഹരമായ ഒരു പത്തു നില കെട്ടിടം പണിതുകൊണ്ടിരിക്കുമ്പോൾ അതിന്റെ ചുറ്റിലും വലിയ വെച്ചുകെട്ടുകൾ ഉണ്ടായിരിക്കും. കെട്ടിടത്തിന്റെ പണി പൂർത്തിയായിക്കഴിഞ്ഞ ഉടനേ ചുറ്റിലുമുള്ള വെച്ചുകെട്ടുകൾ മുഴുവനും മാറ്റിക്കളയുന്നു. പഞ്ചായത്തുപ്രസിഡന്റ് വന്ന് കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തിയ ശേഷവും കെട്ടിടത്തിന്റെ ചുറ്റിലും വെച്ചുകെട്ടുകൾ നിർത്തിക്കൊണ്ടിരിക്കുന്നതു പോലെയാണ് പൊരുൾ വന്നതിനുശേഷവും അതോടൊപ്പം പഴയ നിഴലുകളും വെച്ചു പുലർത്തുന്നത്. ഊട്ടിയിൽ നിന്ന് ഒരു ആഡംബരവാഹനം എന്നെ ബാംഗ്ലൂർ റെയിൽവെസ്റ്റേഷനിലേക്ക് കൊണ്ടുപോയി. എനിക്ക് ബാംഗ്ലൂരിൽ നിന്നു മുംബെയ്ക്ക് പോകണം. റെയിവെ സ്റ്റേഷനിൽ എത്തിയ ശേഷം ഞാൻ

ഉടൻ തന്നേ സാമാനം എടുത്തുകൊണ്ട് ബസ്സിൽ നിന്നിറങ്ങി മുംബെയ്ക്കുള്ള തീവണ്ടിയിൽ കയറുന്നു. ഊട്ടിയിൽ നിന്നും എന്നെ കൊണ്ടുവന്ന ബസ്സ് ഞാൻ വിടുകയില്ല എന്നു പറഞ്ഞു ഞാൻ ബസ്സിൽ തന്നേ കുത്തിയിരുന്നാൽ എന്റെ മേൽനിലയ്ക്ക് എന്തോ കുഴപ്പം ഉണ്ടെന്നു പറഞ്ഞ് ആളുകൾ എന്നെ കളിയാക്കും. ഞാൻ ബാംഗ്ലൂർ റെയിൽവെ സ്റ്റേഷനിൽ എത്തിയതോടെ ഊട്ടിയിൽ നിന്ന് എന്നെ കൊണ്ടുവന്ന വാഹനത്തിന്റെ ജോലി തീർന്നു.

സോർ രാജാവായ ഹീരാം ലെബാനോനിൽ നിന്ന് മരം വെട്ടി ചങ്ങാടം വഴിയായി യാഫോവിൽ എത്തിച്ചുകൊടുത്തു. അതോടൊപ്പം ചങ്ങാടത്തിന്റെ ജോലി തീർന്നു. യെരൂശലേം ദൈവാലയപ്പണിക്കുള്ള മരം വഹിച്ചുകൊണ്ടുവന്ന ചങ്ങാടമാണ് ഇത് എന്നു പറഞ്ഞ് ശലോമോന്റെ ജോലിക്കാർ പ്രസ്തുത ചങ്ങാടം തലയിൽ ചുമന്ന് ശലോമോന്റെ അടുക്കൽ കൊണ്ടുചെന്നെങ്കിൽ അദ്ദേഹം പൊട്ടിച്ചിരിച്ചേനെ. മരം യാഫോവിൽ എത്തിയതോടെ ചങ്ങാടത്തിന്റെ ജോലിയും പ്രസക്തിയും അവസാനിച്ചു.

ക്രിസ്തുവിന്റെ മുന്നോടിയായിരുന്ന യോഹന്നാൻ സ്നാപകൻ ക്രിസ്തുവിനെ കുറിച്ച് വളരെ സാരവത്തായ ഒരു സാക്ഷ്യം പറഞ്ഞിരിക്കുന്നു. "ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു" (യോഹ.1:29) പ്രസ്തുത സാക്ഷ്യം കേട്ടാൽ പഴയനിയമത്തിൽ ദീർഘകാലം ഉത്തരം പറയാതെ കിടന്ന ഒരു ചോദ്യത്തിന്റെ നേരേയുള്ള ഉത്തരമാണ് സ്നാപകൻ പറഞ്ഞതെന്നു തോന്നും. ദൈവകല്പന അനുസരിച്ച് സ്നേഹഭാജനമായ മകനെ യാഗം കഴിക്കാൻ മോറിയാ ദേശത്തേക്കു യാത്ര ചെയ്തുകൊണ്ടിരുന്ന അബ്രഹാമിനോട് ജിജ്ഞാസുവായ മകൻ, "ഹോമയാഗത്തിന്നു ആട്ടിൻകുട്ടി എവിടെ" എന്നു ചോദിച്ചതിന് പിതാവ് നേരേയുള്ള ഉത്തരം പറഞ്ഞില്ല. ദൈവം കരുതിക്കൊള്ളും എന്നു പറഞ്ഞ് പിതാവു മകന്റെ ജിജ്ഞാസയെ അടക്കി. മനുഷ്യന്റെ രക്ഷയ്ക്കായി ദൈവം നിത്യതയിൽ തന്നേ കരുതിയ-ഒരുക്കിയ കുഞ്ഞാടാണ് ക്രിസ്തു. ക്രിസ്തുവിന് കുഞ്ഞാട് എന്ന സ്ഥാനപ്പേര് ഏറ്റവും പറ്റിയതാണ്. ഒന്നാമതായി, അത് ക്രിസ്തു യാഗപുരുഷൻ എന്ന നിലയിലുള്ള തന്റെ പരിശുദ്ധിയെ കാണിക്കുന്നു. രണ്ടാമതായി, അത് ക്രിസ്തുവിന്റെ നിസ്തുല്യമായ സൗമ്യതയെ പ്രകടമാക്കുന്നു. യേശുക്രിസ്തു ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവകുഞ്ഞാടായിരുന്നു. പാപം ചുമക്കുക എന്നാൽ അർത്ഥം എന്ത്? "ആരെങ്കിലും തന്റെ ദൈവത്തെ ശപിച്ചാൽ അവൻ തന്റെ പാപം വഹിക്കും" (ലേവ്യ.24:15). പാപം വഹിക്ക എന്നാൽ പാപത്തിന്റെ ശിക്ഷ വഹിക്ക എന്നർത്ഥം. "അങ്ങനെ യെരുബ്ബാലിന്റെ എഴുപത് പുത്രന്മാരോടും ചെയ്ത പാതകത്തിന്നു പ്രതികാരം വരികയും അവരുടെ രക്തം അവരെ കൊന്നവനായ അവരുടെ സഹോദരൻ അബീമേലെക്കും അവന്റെ സഹോദരന്മാരെ കൊല്ലുവാൻ അവന്നു തുണയായിരുന്ന ശേഖേം പൗരന്മാരും ചുമക്കയും ചെയ്തു" (ന്യായാ.9:24). അവരുടെ രക്തം ചുമന്നു എന്നാൽ അവരുടെ രക്തം ചൊരിഞ്ഞതിനുള്ള ശിക്ഷ അനുഭവിച്ചു എന്നർത്ഥം. ക്രിസ്തു ലോകത്തിന്റെ പാപം ചുമന്നു എന്നു പറഞ്ഞാൽ ക്രിസ്തു ലോകത്തിലെ സകല മനുഷ്യരുടെയും പാപത്തിനുള്ള ന്യായമായ ശിക്ഷ അനുഭവിച്ചു എന്നർത്ഥം. ക്രിസ്തുവിന്റെ മരണം ഒരു പ്രാതിനിധ്യമരണമാണ്. ഇതുപോലെ ഒരു പ്രാതിനിധ്യമരണം ലോകചരിത്രത്തിൽ ഉണ്ടായിട്ടില്ല. മേലാൽ ഉണ്ടാകയുമില്ല. "നാം പാപം

സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന്നു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു'' (1. പത്രൊ.2:24). "ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു"(1. കൊരി. 15:3). "ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ; എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശുതന്നേ'' (1.തിമൊ.2:5-6). "നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുവാൻ അയച്ചതു തന്നേ സാക്ഷാൽ സ്നേഹം ആകുന്നു'' (1.യോഹ.4:10).

യേശുക്രിസ്തുവിന്റേത് ഒരു രക്തസാക്ഷിമരണം ആയിരുന്നില്ല. ജീവിതത്തിൽ അധരം കൊണ്ടു നൽകിയ സാക്ഷ്യത്തിന് സ്വന്തം രുധിരം കൊണ്ടു മുദ്രയിടുന്നവനാണ് രക്തസാക്ഷി. ക്രിസ്തുവിന്റെ മരണം അങ്ങനെ വ്യാഖ്യാനിച്ചു തള്ളുവാൻ സാധിക്കയില്ല. നേരേ മറിച്ച്, ക്രിസ്തുവിന്റെ മരണം മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനു വേണ്ടിയുള്ള ഒരു പ്രാതിനിധ്യ മരണം ആയിരുന്നു. മഹാന്മാർ ക്രിസ്തുവിന്റെ മരണത്തെപ്പറ്റി പറയുന്നു അഭിപ്രായങ്ങളല്ല പ്രത്യുത, ദൈവവചനം ക്രിസ്തുവിന്റെ മരണത്തെകുറിച്ചു പഠിപ്പിക്കുന്നതാണ് നമ്മുടെ ആധാരം.

## 6

## പാപിയായ മനുഷ്യൻ രക്ഷ പ്രാപിക്കുന്നത് എങ്ങനെ?

വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു ചോദ്യമാണ് ഇത്. മനുഷ്യർ രക്ഷയെ സംബന്ധിച്ച് വിവിധങ്ങളായ ധാരണകൾ പുലർത്തുന്നുണ്ട്. എന്നാൽ തിരുവെഴുത്ത് എന്തു പഠിപ്പിക്കുന്നു എന്നു നമുക്കു പരിശോധിക്കാം.

"ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ട്'' (യോഹ.6:47). "വഴിയരികെയുള്ളവർ കേൾക്കുന്നവർ എങ്കിലും അവർ വിശ്വസിച്ചു രക്ഷിക്കപ്പെടാതിരിപ്പാൻ പിശാചു വന്നു അവരുടെ ഹൃദയത്തിൽനിന്നു വചനം എടുത്തുകളയുന്നു'' (ലൂക്കൊ.8:12). രക്ഷ അഥവാ നിത്യജീവൻ പ്രാപിക്കുന്നത് വിശ്വാസം മൂലമെന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. "അവരെ (പൗലൊസിനെയും ശീലാസിനെയും) പുറത്തു കൊണ്ടുവന്നു; യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു. കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും എന്നു അവർ പറഞ്ഞു'' (പ്രവൃ.16:30,31). നേരേയുള്ള ചോദ്യം. നേരേയുള്ള ഉത്തരം. സ്പഷ്ടമായ ചോദ്യം. സ്പഷ്ടമായ ഉത്തരം. രക്ഷ കർത്താവായ യേശുക്രിസ്തുവിലെ വിശ്വാസം മൂലമെന്നു തെളിയിക്കുന്നതിന് അനവധി തിരുവെഴുത്തുകൾ ഉദ്ധരിക്കുവാൻ സാധിക്കും.

ക്രിസ്തുവിലെ വിശ്വാസം എന്നാൽ ക്രിസ്തുവിനെക്കുറിച്ചുള്ള വെറും അറിവല്ല. ക്രിസ്തുവിനെ കുറിച്ചുള്ള അറിവ് ഒരു മനുഷ്യനെ രക്ഷയിലേക്ക് നടത്തും എന്നത് മറ്റൊരു കാര്യം. "ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷെക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറികയും ചെയ്യുന്നതുകൊണ്ട് ....." (2.തിമൊ.3:14). ഈ കാര്യം ഞാൻ ഒരു ചെറിയ ദൃഷ്ടാന്തം മൂലം വിശദമാക്കാം. ഒരു പെൺകുട്ടി അവളുടെ ഭവനത്തിൽ ഞായറാഴ്ചതോറും ഒരു പ്രാർത്ഥനായോഗം നടത്തുന്നതിന് തീരുമാനിച്ചു. അവളുടെ മാതാപിതാക്കന്മാരും സഹോദരീ സഹോദരന്മാരും കുറച്ചു കൂട്ടുകാരും ചേർന്നുള്ള ഒരു ചെറിയ യോഗമായിരുന്നു അത്. ആദ്യ ഞായറാഴ്ച നടന്ന യോഗത്തിൽ നമ്മുടെ ബാലിക, "കർത്താവേ, ഒരടി താഴെ, ആമേൻ" എന്ന ഒരു കൊച്ചുപ്രാർത്ഥന കഴിച്ചു യോഗം പിരിച്ചുവിട്ടു. ഇങ്ങനെ പല ഞായറാഴ്ചകളിൽ പ്രാർത്ഥനായോഗം നടന്നു. നമ്മുടെ കൊച്ചുപ്രാർത്ഥന ക്കാരി, "കർത്താവേ, ഒരടി താഴെ, ആമേൻ" എന്ന കൊച്ചുപ്രാർത്ഥന നടത്തി യോഗം പിരിച്ചുവിട്ടുവന്നു. ഒരുദിവസം ജിജ്ഞാസുവായ അവളുടെ പിതാവ്, മോളേ, നീ പ്രാർത്ഥനായോഗം തുടങ്ങി ആഴ്ചകൾ പലതു കഴിഞ്ഞല്ലോ. "കർത്താവേ, ഒരടി താഴെ, ആമേൻ" എന്ന ഒരേ ചെറിയ പ്രാർത്ഥന നടത്തി നീ യോഗം പിരിച്ചുവിടുന്നു. ഈ പ്രാർത്ഥനയുടെ അർത്ഥം എന്തെന്നു വിശദമാ ക്കാമോ? എന്നു ചോദിച്ചു. പ്രസ്തുത ചോദ്യത്തിന് "അപ്പച്ചാ, എന്റെ പ്രാർത്ഥന യുടെ അർത്ഥം വളരെ ലളിതമാണ്. യേശുകർത്താവ് അപ്പച്ചന്റെ തലയിൽ ഉണ്ട്. കർത്താവ് തലയിൽ നിന്ന് ഒരടി താഴെ ഇറങ്ങി വരണം. അപ്പോൾ കാര്യമെല്ലാം ശരിയാകും" എന്ന് ബുദ്ധിശാലിനിയായ ബാലിക ഉത്തരം പറഞ്ഞതായി കേട്ടിട്ടു ണ്ട്. കോടിക്കണക്കിനാളുകളുടെ തലയിൽ ക്രിസ്തു ഉണ്ട്. അവർക്ക് യേശുക്രി സ്തുവിനെ കുറിച്ച് പല കാര്യങ്ങൾ അറിയാം. എന്നാൽ, ഇത് കേവലം ബുദ്ധിപ രമായ അറിവാണ്. തലയിലുള്ള ക്രിസ്തു കർത്താവും രക്ഷിതാവുമായി ഒരടി താഴെ ഹൃദയത്തിൽ സിംഹാസനാകണം. ഹൃദയമാണ് വിശ്വാസത്തിന്റെ ആസ്ഥാനം. "യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമ.10:9).

വിശ്വാസം എന്നാൽ ക്രിസ്തുവിനെ പുകഴ്ത്തുന്നതല്ല. കർത്താവായ യേശുക്രിസ്തുവിനെ വാനോളം പുകഴ്ത്തുന്ന കോടിക്കണക്കിനാളുകൾ ലോക മെമ്പാടും ഉണ്ട്. കാൽവറിയിലെ പ്രാതിനിധ്യമരണത്തേക്കാൾ പർവ്വതപ്രസംഗ മാണ് അവർ കൂടുതൽ ഇഷ്ടപ്പെടുന്നത്. "മൂന്നൂറ്റിലൊന്ന് മുളമൂട്ടിൽ കണ്ണൻ" എന്ന കണക്കേ ലോകം കണ്ട അസംഖ്യം ഗുരുക്കന്മാരുടെ കൂട്ടത്തിൽ സാമാന്യം നല്ല ഒരു ഗുരുവായി അവർ ക്രിസ്തുവിനെ പരിഗണിക്കുന്നു. എന്നാൽ, അവർ വാസ്തവമായി ക്രിസ്തുവിൽ വിശ്വസിക്കുന്നവരല്ല.

കായികാഭ്യാസി എന്ന നിലയിൽ സുപ്രസിദ്ധനായ ചാൾസ് ബ്ലോണ്ടിനെപ്പറ്റി കേൾക്കാത്തവർ ചുരുക്കമാണ്. അദ്ദേഹം ഒരിക്കൽ നയാഗ്ര വെള്ളച്ചാട്ടത്തിന്റെ മുകളിൽ ഒരു കമ്പി വലിച്ചുകെട്ടി കമ്പിയിൽ കൂടി ഒരു ഉന്തുവണ്ടി തള്ളി ക്കൊണ്ടു മറുകരയിൽ എത്തി. അസംഖ്യം ജനങ്ങൾ പ്രസ്തുത അഭ്യാസം കാണു ന്നതിനായി നയാഗ്രയുടെ തീരത്തു തടിച്ചു കൂടിയിരുന്നു. അവർ ഉച്ചത്തിൽ കൈകൊട്ടി ആഹ്ലാദം പ്രകടിപ്പിച്ചു. വളരെ ആളുകൾ ബ്ലോണ്ടിനു കൈ കൊടുത്ത് അദ്ദേഹത്തെ അഭിനന്ദിച്ചു. ഒരു യൂവാവ് ബ്ലോണ്ടിനു കൈ കൊടുത്ത് അദ്ദേഹത്തെ വാനോളം പുകഴ്ത്തിയതിനുശേഷം, "മി. ബ്ലോണ്ട്,

താങ്കൾ നയാഗ്രയുടെ മുകളിൽ കമ്പി കെട്ടി അതിൽ കൂടി ഉന്തുവണ്ടി തള്ളികൊണ്ട് അക്കരെ കടക്കും എന്ന വാർത്ത പത്രത്തിൽ വായിച്ചപ്പോൾ എന്റെ ഭവനക്കാരെല്ലാം പരിഹാസത്തോടെ ചിരിച്ചു. താങ്കൾ ജനങ്ങളെ കബളിപ്പിക്കാൻ പോകയാണ് എന്നു അവർ പറഞ്ഞു കളിയാക്കി. എന്നാൽ, താങ്കൾ ഇങ്ങനെ ചെയ്യുമെന്ന് എനിക്ക് വിശ്വാസം ഉണ്ടായിരുന്നു'' എന്ന് അഭിപ്രായപ്രകടനം ചെയ്തു. ബ്ലോണ്ട്: "സ്നേഹിതാ, നിങ്ങളുടെ അഭിനന്ദനത്തിന് നന്ദി. നിങ്ങളുടെ ഭവനക്കാർ അവിശ്വാസികൾ ആയതുകൊണ്ടു ഞാൻ ദുഃഖിക്കുന്നു. കുറഞ്ഞപക്ഷം നിങ്ങൾക്കെങ്കിലും എന്നിൽ വിശ്വാസം ഉണ്ട് എന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഞാൻ കമ്പിയിൽ കൂടി ഉന്തുവണ്ടി തള്ളിക്കൊണ്ട് ഇക്കരെ വന്നത് നിങ്ങൾ കണ്ണാലെ കണ്ടതാണ്. ഞാൻ ഇപ്പോൾ ഉന്തുവണ്ടി തള്ളികൊണ്ട് കമ്പിയിൽ കൂടി മടങ്ങിപ്പോകാൻ തുടങ്ങുകയാണ്. നിങ്ങൾ ദയവായി ഈ വണ്ടിയിൽ ഇരിക്കുക. ഞാൻ നിങ്ങളെ സുരക്ഷിതനായി അക്കരെ എത്തിക്കാം'' എന്ന് പ്രതിവചിച്ചു.

പാവം! യുവാവ് കുടുങ്ങി. "ഞാൻ പിന്നൊരിക്കൽ അതു ചെയ്യാം'' എന്നു പറഞ്ഞ് അവൻ സ്ഥലം വിട്ടു. ബ്ലോണ്ടിനെ വാനോളം പുകഴ്ത്തിയ യുവാവ്, വാസ്തവമായി ആ കായികാഭ്യാസിയിൽ വിശ്വസിക്കുന്നവനാണോ? ഒരിക്കലുമല്ല. ബ്ലോണ്ടിനെ വാസ്തവമായി വിശ്വസിക്കുന്നവനാണെങ്കിൽ "മി. ബ്ലോണ്ട്, ഞാൻ ഇതാ ഉന്തുവണ്ടിയിൽ ഇരിക്കുന്നു. താങ്കൾ ജീവിച്ചാൽ ഞാനും ജീവിക്കും. താങ്കൾ മരിച്ചാൽ ഞാനും മരിക്കും'' എന്ന് പറഞ്ഞ് ഉന്തുവണ്ടിയിൽ ഇരുന്നെങ്കിൽ പ്രസ്തുത യുവാവ് വാസ്തവമായി ബ്ലോണ്ടിൽ വിശ്വസിക്കുന്നവൻ എന്നു തെളിഞ്ഞേനെ. ആ യുവാവ് വെറുതെ ബ്ലോണ്ടിനെ പുകഴ്ത്തിയതു മിച്ചം.

വിശ്വാസം എന്തല്ല എന്നു നാം കണ്ടു. ഇനിയും വിശ്വാസം എന്താണെന്നു നമുക്കു നോക്കാം. "അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു'' (യോഹ.1:12). യേശുക്രിസ്തുവിന്റെ നാമത്തിൽ വിശ്വസിക്ക എന്നാൽ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി ഹൃദയത്തിൽ സ്വീകരിക്ക അഥവാ അംഗീകരിക്ക എന്നർത്ഥം. "ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ; അവനിൽ വേരൂന്നിയും ആത്മികവർദ്ധന പ്രാപിച്ചും നിങ്ങൾക്കു ഉപദേശിച്ചുതന്നതിന്നു ഒത്തവണ്ണം വിശ്വാസത്താൽ ഉറെച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ'' (കൊലൊ.2:6,7). ക്രിസ്തുവിനെ സ്വന്തരക്ഷിതാവായി അംഗീകരിക്കുന്നതിൽ കുറഞ്ഞ യാതൊന്നും ക്രിസ്തുവിലുള്ള വിശ്വാസം ആകുന്നില്ല.

ക്രിസ്തുമത(?)ത്തിൽ രക്ഷ ഇല്ല. ക്രിസ്തുസഭയിൽ രക്ഷ ഇല്ല. മനുഷ്യനിർമ്മിതമായ യാതൊരു സ്ഥാപനത്തിലും സംഘടനയിലും രക്ഷ ഇല്ല. രക്ഷ കർത്താവായ യേശുക്രിസ്തു എന്ന വ്യക്തിയിലാണ് സ്ഥിതിചെയ്യുന്നത്. ഈ കാര്യത്തിൽ തിരുവെഴുത്തുകൾ ഖണ്ഡിതമായും സ്പഷ്ടമായും സംസാരിക്കുന്നു. "യേശു അവനോടു: ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല'' (യോഹ.14:6). "മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല'' (പ്രവൃ.4:12). "പുത്രനിൽ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെ മേൽ വസിക്കു

ന്നതേയുള്ളു'' (യോഹ.3:36). "അതുകൊണ്ട് ക്രിസ്തുയേശുവിലുള്ള രക്ഷ നിത്യതേജസ്സോടുകൂടെ വൃതന്മാർക്കു കിട്ടേണ്ടതിനു ഞാൻ അവർക്കായി സകലവും സഹിക്കുന്നു'' (2.തിമൊ.2:10). "ആ സാക്ഷ്യമോ ദൈവം നമുക്കു നിത്യജീവൻ തന്നു; ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട് എന്നുള്ളതു തന്നേ. പുത്രനുള്ളവനു ജീവനുണ്ട്; ദൈവപുത്രനില്ലാത്തവന്നു ജീവൻ ഇല്ല'' (1.യോഹ.5:11,12). രക്ഷ അഥവാ നിത്യജീവൻ യേശുക്രിസ്തു എന്ന വ്യക്തിയിലാണ് സ്ഥിതിചെയ്യുന്നതെന്നും പ്രസ്തുത രക്ഷ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി അംഗീകരിക്കുന്നതുമൂലം ഏതൊരു പാപിക്കും സൗജന്യമായി ഇപ്പോൾ തന്നേ ലഭിക്കുന്നു എന്നുമുള്ള പരമസത്യം മുകളിൽ ഉദ്ധരിച്ചിരിക്കുന്ന തിരുവെഴുത്തുകൾ പട്ടാപ്പകൽ പോലെ തെളിയിക്കുന്നു. ഈ കാര്യത്തിൽ ഇനിയും ആരും ഇരുട്ടിൽ തപ്പിനടന്നു കാലഹരണം ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

"ക്രിസ്തുവിലുള്ള വിശ്വാസം മൂലം ഞാൻ രക്ഷിക്കപ്പെട്ടു'' എന്ന് ഒരാൾ സാക്ഷ്യം പറയുന്നത് ആത്മീക നിഗളമല്ലേ? എന്ന് ചിലർ ചോദിക്കാറുണ്ട്. അല്ല. "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിയക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല'' (എഫെ.2:8-9). ദൈവം അരുളിച്ചെയ്തത് അതേ പടി അംഗീകരിക്കുന്നതോ അല്ലാത്തതോ ഏതാണ് നിഗളം? "ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു ഞാൻ ഇതു എഴുതിയിരിക്കുന്നതു നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്നു തന്നേ'' (1.യോഹ.5:13). കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ ഉണ്ട്. അക്കാര്യം അവർ അറിയണം എന്നതാണ് ദൈവത്തിന്റെ ഇഷ്ടം. നമ്മുടെ മക്കൾ അറിവില്ലാത്തവരായിരിക്കണം എന്നു നാമാരും ആഗ്രഹിക്കുന്നില്ല. രക്ഷിതരായ ആയിരം പതിനായിരങ്ങൾ രക്ഷാനിർണ്ണയം ഇല്ലാത്തവരായി ജീവിക്കുന്നു എന്നത് ഒരു ദുഃഖസത്യമാണ്. ക്രിസ്തുവിലെ വിശ്വാസം മൂലം രക്ഷിക്കപ്പെട്ട ഒരു വ്യക്തിക്ക് രക്ഷാനിർണ്ണയം ഉണ്ടാകുന്നതു എങ്ങനെ? ദൈവവചനം മൂലമാണ് രക്ഷാനിർണ്ണയം ഉണ്ടാകേണ്ടത്. അതിനുപകരം, സ്വന്തം തോന്നലുകളിൽ ആശ്രയിക്കുന്ന ഒരാൾക്ക് ഒരിക്കലും ഉണ്ടാകയില്ല. പൂർണ്ണത പ്രാപിച്ചതിനു ശേഷമേ രക്ഷിക്കപ്പെട്ടു എന്നു പറയാവൂ എന്ന് ആരെങ്കിലും ശഠിച്ചാൽ മരണംവരെ ആർക്കും രക്ഷിക്കപ്പെട്ടു എന്ന് സാക്ഷ്യം പറയുവാൻ സാദ്ധ്യമല്ല. "അതിന്നു യേശു ഉത്തരം പറഞ്ഞത്: നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കകൊണ്ടു തെറ്റിപ്പോകുന്നു'' (മത്താ.22:29) എന്ന വാക്യമാണ് ഈ ബന്ധത്തിൽ ഓർമ്മയിൽ വരുന്നത്. രക്ഷിക്കപ്പെടുന്നതിന് അഥവാ വീണ്ടും ജനിക്കുന്നതിന് ഒരു നിമിഷം മതി (കിമെമിെലീൗ ടമഹ്മശീി). എന്നാൽ ക്രിസ്തീയ വളർച്ചയും പക്വതയും ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പ്രക്രിയ ആണ്. തിരുവെഴുത്തുകളുടെ സ്പഷ്ടമായ വെളിച്ചത്തിൽ, കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച, അർത്ഥാൽ യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി അംഗീകരിച്ച ഒരു വ്യക്തി രക്ഷ അഥവാ നിത്യജീവൻ പ്രാപിച്ചവനാണ്.

7

# ദൈവം ഒരുക്കിയ രക്ഷ നിരസിക്കുന്നതിന്റെ ഫലം

പാപിയായ മനുഷ്യനുവേണ്ടി ദൈവം രക്ഷയും വീണ്ടെടുപ്പും ഒരുക്കി. പാപം ചെയ്ത ദൂതന്മാർക്കുവേണ്ടി ദൈവം ഒരു രക്ഷാപദ്ധതി ആസൂത്രണം ചെയ്തില്ല. അവരെ ന്യായവിധിക്കായി സൂക്ഷിച്ചിരിക്കയാണ്. എന്നാൽ പാപം ചെയ്ത മനുഷ്യനോടു ദൈവം കരുണ കാണിച്ചു. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ.3:16). ദൈവത്തിന് ഒരു പുത്രൻ മാത്രമേ ഉള്ളു. ആ പുത്രനെ ദൈവം മത്സരികളായ മാനവർക്കു ദാനം ചെയ്തു. മാത്രമല്ല, തന്റെ ഏകജാതനായ പ്രിയപുത്രനെ കാൽവറി ക്രൂശിൽ യാഗമാക്കി ദൈവം മനുഷ്യർക്കായി രക്ഷ ഒരുക്കി. ദൈവസ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും ആർക്കെങ്കിലും അളക്കുവാൻ സാധിക്കുമോ?

ഒരു മകനെ ദാനം ചെയ്ക എന്നത് എളുപ്പമായ ഒരു കാര്യം അല്ല. പണ്ട് ജർമ്മനിയിൽ ഒരു ക്ഷാമം ഉണ്ടായി. ക്ഷാമം അതികഠിനമായതുമൂലം ഭക്ഷണസാധനങ്ങളുടെ വില വളരെ കൂടി. മക്കളെ വളർത്തുന്നതു മാതാപിതാക്കന്മാർക്കു വലിയ പ്രശ്നമായി. ഒരു വീട്ടിൽ നാലു ആൺമക്കൾ ഉണ്ടായിരുന്നു. തിന്നു-വളരുന്ന പ്രായമാണല്ലോ ബാല്യം. ഒരു ദിവസം മാതാപിതാക്കൾ വീട്ടിലുണ്ടായിരുന്ന ഭക്ഷണം മക്കൾക്കു കൊടുത്തു അവരെ ഉറക്കി. അനന്തരം പാതിരാത്രിയിൽ അവർ യോഗം കൂടി. ഒരു മകനെ വിറ്റുകിട്ടുന്ന പണം കൊണ്ട് മറ്റേ മൂന്നു മക്കളെയും വളർത്തണമെന്ന് അവർ തീരുമുനിച്ചു ആദ്യജാതനെ വില്ക്കാം എന്നായിരുന്നു അവരുടെ ആദ്യത്തെ ആലോചന. "ആദ്യജാതൻ നമ്മുടെ ശക്തിയുടെയും വീര്യത്തിന്റെയും പ്രതീകമല്ലേ. അതുകൊണ്ട് അവനെ വില്ക്കാൻ സാദ്ധ്യമല്ല" എന്നവർ തീരുമാനിച്ചു. അടുത്തതായി അവർ രണ്ടാമത്തെ മകനെ വിൽക്കാൻ ആലോചിച്ചു. അപ്പോൾ ഭാര്യ ഒരു തടസ്സം ഉന്നയിച്ചു. "രണ്ടാമൻ താങ്കളുടെ മുഖച്ഛായയിലുള്ളവനാണ്. അവനെ കണ്ടാൽ താങ്കളെ കാണുന്നതുപോലെയാണ്. താങ്കൾ മരിച്ചുപോകുന്ന പക്ഷം എനിക്ക് അവനെ കണ്ടെങ്കിലും അല്പം സന്തോഷിക്കാമല്ലൊ. അതുകൊണ്ട് രണ്ടാമത്തെ മകനെ വിൽക്കാൻ ഞാൻ ഒരിയ്ക്കലും സമ്മതിക്കയില്ല" എന്നതായിരുന്നു ഭാര്യയുടെ തടസ്സം. ഭർത്താവു സമ്മതിച്ചു. അടുത്തതായി, മൂന്നാമത്തെ മകനെ വിൽക്കാൻ ആലോചന തുടങ്ങി. അപ്പോൾ ഭർത്താവ് ഒരു തടസ്സം ഉന്നയിച്ചു. അത് അയാളുടെ ഊഴം ആയിരുന്നു. "മൂന്നാമനെ കണ്ടാൽ അവൻ നിന്നെപ്പോലെതന്നെയാണിരിക്കുന്നത്. നീ മരിച്ചുപോകുന്ന പക്ഷം ഈ മകനെയെങ്കിലും കണ്ട് എനിക്ക് അല്പം സന്തോഷിക്കാമല്ലോ. അതുകൊണ്ട് മൂന്നാമനെ വിൽക്കാൻ ഞാൻ സമ്മതിക്കയില്ല" എന്നതായിരുന്നു ഭർത്താവിന്റെ തടസ്സം. ഭാര്യ സമ്മതിച്ചു. ഒടുവിൽ ഏറ്റം ഇളയമകനെ വിൽക്കാൻ അവർ ആലോചിച്ചു. "കുടുംബത്തിലെ ഏറ്റവും ഇളയ മകനെ വിറ്റു തിന്നുകയെന്നോ? നമ്മുടെ പ്രീതി വാത്സല്യങ്ങളുടെ ഇരിപ്പടമല്ലേ ഈ മകൻ. അതുകൊണ്ട് നാലാമനെ വിൽക്കുന്ന കാര്യം ചിന്തിക്കാൻ പോലും സാദ്ധ്യമല്ല. എന്ന തീരുമാനത്തോടെ അവരുടെ പാതിരാത്രിയോഗം അവസാനിച്ചു. ആ കുടുംബത്തിൽ അഞ്ചു മക്കൾ ഉണ്ടായിരുന്നെ

ങ്കിൽ അവർ ഒരു മകനെ വിൽക്കുമായിരുന്നോ? ഇല്ല. അഞ്ചാമൻ വല്യപ്പന്റെ തനിച്ഛായയിലുള്ള ഒരു കൊച്ചുമകൻ എന്ന കാരണം അവർ ഉന്നയിക്കുമായിരുന്നു. കൊടുക്കാതിരിക്കുന്നതിന് നാം എത്രയോ ന്യായങ്ങൾ പറയും. നാമെല്ലാം അക്കാര്യത്തിൽ വിദഗ്ദ്ധന്മാരായി "ഡോക്റ്ററേറ്റ്" എടുത്തവരാണ്. ദൈവം തന്റെ ഏകജാതനായ പുത്രനെ കാൽവറി ക്രൂശിൽ സന്തോഷത്തോടെ തകർത്ത് നമുക്കുവേണ്ടി രക്ഷ ഒരുക്കി എന്നതിൽ നിന്ന് ദൈവസ്നേഹത്തിന്റെ വലിപ്പം എത്ര എന്നു നമുക്ക് മനസ്സിലാക്കാം. ഇതിൽ കൂടുതൽ പാപിയായ മനുഷ്യനെ സ്നേഹിയ്ക്കുവാൻ ദൈവത്തിനു കഴിയുമോ? ഇതിൽ കൂടുതൽ പാപിയായ മനുഷ്യനുവേണ്ടി ചെലവാക്കുവാൻ സ്വർഗ്ഗത്തിലെ ദൈവത്തിനു സാധിക്കുമോ?

"ഇത്ര വലിയ രക്ഷ" എന്നാണ് ദൈവം ഒരുക്കിയ രക്ഷയുടെ വിശേഷണം. ഒരു സാധനത്തിന്റെ വലുപ്പം അതിന്റെ വിലയെ ആശ്രയിച്ചാണ് ഇരിക്കുന്നത്. "കാശുപോലും വിലയില്ലാ വിഷയത്തിൽ" എന്ന് മഹാകവി കെ. വി. സൈമൺ പാടിയിരിക്കുന്നു. ലോകത്തിൽ അത്തരം ഒട്ടുവളരെ കാര്യങ്ങൾ ഉണ്ട്. അവയുടെ പിന്നാലെ പരക്കം പായുന്ന കോടിക്കണക്കാളുകളും ഉണ്ട്. ദൈവം ഒരുക്കിയ രക്ഷ ഇത്ര വലുതായിരിക്കുന്നത് എന്തുകൊണ്ട്? രക്ഷക്കുവേണ്ടി ദൈവത്തിനുണ്ടായ ചെലവ് അത്ര വലുതാണ്. ഈ ബന്ധത്തിൽ ഒരു മുക്കുവന്റെ കഥ എന്റെ ഓർമ്മയിൽ വരുന്നു. ഒരു മുക്കുവൻ കടൽത്തീരത്ത് ഒരു കൊച്ചു കുടിലിൽ താമസിച്ചുകൊണ്ടിരുന്നു. ഒരു മിഷനറി (സുവിശേഷകൻ) ചിലപ്പോഴെല്ലാം വീട് സന്ദർശിച്ച് യേശുക്രിസ്തുവിനെ കുറിച്ചുള്ള സുവിശേഷം പറക പതിവായിരുന്നു. ഒരു ദിവസം സന്ദർശനവേളയിൽ "ഞാൻ അമേരിക്കയിലേക്ക് അവധിക്കു പോകയാണ്, യാത്രപറയാൻ വന്നതാണ്" എന്ന് മിഷനറി പറഞ്ഞു. മുക്കുവൻ അകത്തെ മുറിയിലേക്ക് പോയി വളരെ ഭദ്രമായി ഒരു പെട്ടിയിൽ സൂക്ഷിച്ചുവെച്ചിരുന്ന ഒരു മുത്ത് എടുത്തുകൊണ്ടു വരാന്തയിൽ വന്നു. "ഈ മുത്ത് ഞാൻ താങ്കൾക്ക് ദാനമായി തരുന്നു. താങ്കൾ ദയവായി ഇത് ഒരു സ്മാരകവസ്തുവായി സൂക്ഷിക്കണം" എന്നു പറഞ്ഞു മിഷനറിക്ക് കൊടുത്തു. "ഞാൻ ഈ മുത്ത് ദാനമായി സ്വീകരിക്കയില്ല. വില എന്തെന്ന് അറിയിച്ചാൽ ശരിയായ വില തന്നു ഞാൻ ഇതു വാങ്ങിക്കൊള്ളാം" എന്നു മിഷനറി പറഞ്ഞു "ഈ മുത്തിന് വില കൊടുക്കാൻ ആർക്കും സാധിക്കയില്ല. ഇതിന്റെ പിമ്പിൽ ഒരു ചരിത്രം ഉണ്ട്" എന്ന് മുക്കുവൻ പ്രതിവചിച്ചു. മിഷനറിയുടെ ജിജ്ഞാസ വർദ്ധിച്ചു. മുത്തിന്റെ പിമ്പിലുള്ള ചരിത്രം എന്താണെന്ന് അദ്ദേഹം മുക്കുവനോടു ചോദിച്ചു. മുക്കുവൻ മുത്തിന്റെ പിമ്പിലുള്ള ചരിത്രം താഴെ കാണും വണ്ണം വിവരിച്ചു. എന്റെ മകൻ ഒരു മുത്തുവ്യാപാരി ആയിരുന്നു. അവൻ കടലിൽ മുങ്ങി അനവധി മുത്തുകൾ എടുത്ത് വ്യാപാരം ചെയ്തു വളരെ പണം സമ്പാദിച്ചു. ഒരു ദിവസം ഈ മുത്ത് എടുക്കുവാൻ അവൻ കടലിൽ മുങ്ങി കൂടുതൽ സമയം വെള്ളത്തിന്റെ അടിയിൽ കഴിച്ചതുകൊണ്ട് അവന്റെ ശ്വാസകോശം പൊട്ടിത്തകർന്നുപോയി. അതുനിമിത്തം അവൻ മരിക്കയും ചെയ്തു. എന്റെ പ്രിയ മകന്റെ ശ്വാസകോശം തകർന്നു നേടിയ മുത്തിന് വില കൊടുക്കുവാൻ ആർക്കും സാധിക്കയില്ല" മുക്കുവൻ വികാരാധീനനായി. പുത്രശോകം അടക്കുവാൻ സാധിക്കാതെ അയാൾ പരവശനായി. അയാളുടെ കണ്ണുകൾ നിറഞ്ഞ് കണ്ണുനീർ കുഴിഞ്ഞ കവിൾതടങ്ങളിൽ കൂടി ഒഴുകുവാൻ തുടങ്ങി. ദൈവപുത്രന്റെ സുവിശേഷം-നല്ലകഥ-സന്തോഷവാർത്ത വിവരിക്കുന്നതിനു മിഷനറിക്ക് ഒരു സുവർണ്ണാവസരം ലഭിച്ചു. അദ്ദേഹം മുക്കുവനോട് താഴെ കാണുംവണ്ണം പറഞ്ഞു. "നിങ്ങളുടെ മകന്റെ ശ്വാസകോശം തകർന്നു സമ്പാദിച്ച മുത്തിന് വില മതിയ്ക്കുവാനോ വില കൊടുക്കുവാനോ ആർക്കും സാധിക്കയില്ല. ദൈവപു

ത്രന്റെ ഹൃദയം തകർന്ന് തന്റെ ജീവൽരക്തം കൊടുത്ത് സമ്പാദിച്ച രക്ഷെക്ക് വില മതിക്കുവാനോ വില കൊടുക്കുവാനോ ആർക്കും സാധിക്കയില്ല. ദൈവം പരമാവധി ചെലവാക്കി ഒരുക്കിയ രക്ഷ നിങ്ങൾ ദാനമായി സ്വീകരിച്ചാൽ മതി". മുക്കുവന് അന്നത്തെപ്പോലെ ദൈവത്തിന്റെ ലളിതമായ രക്ഷാമാർഗ്ഗം മുമ്പൊരിക്കലും മനസ്സിലായിരുന്നില്ല. മിഷനറി പ്രാർത്ഥിച്ചു ആ സാധുകുടുംബത്തെ കർത്താവിന്റെ കരങ്ങളിൽ ഭരമേല്പിച്ചിട്ട് യാത്രയും പറഞ്ഞു.

മനുഷ്യൻ രക്ഷിക്കപ്പെടുന്നതിന് മരണത്തിനു ശേഷം ഒരു അവസരം കിട്ടുകയില്ല. ഇക്കാര്യത്തിൽ തിരുവെഴുത്തുകളുടെ ഉപദേശം ഖണ്ഡിതവും സ്പഷ്ടവും ആണ്. "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ ക്രിസ്തുവും അങ്ങനെതന്നേ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും" (എബ്രാ.9:27,28). ന്യായവിധിയെ സംബന്ധിച്ച് 2-ാം അദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിച്ചതുകൊണ്ട് അക്കാര്യം ആവർത്തിക്കേണ്ട ആവശ്യമില്ല. മരണവും ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചത് സ്രഷ്ടാവായ ദൈവം തന്നേയാണ്. "ദേഹത്തെ കൊന്നിട്ടു പിന്നെ അധികമായി ഒന്നും ചെയ്‌വാൻ കഴിയാത്തവരെ ഭയപ്പെടേണ്ടാ. ആരെ ഭയപ്പെടേണം എന്നു ഞാൻ നിങ്ങൾക്കു കാണിച്ചുതരാം. കൊന്നിട്ടു നരകത്തിൽ തള്ളിക്കളവാൻ അധികാരമുള്ളവനെ ഭയപ്പെടുവിൻ: അതേ, അവനെ ഭയപ്പെടുവിൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു" (ലൂക്കൊ.12:4,5). മരണത്തിനു ശേഷം ദൈവത്തിനല്ലാതെ മറ്റാർക്കും മനുഷ്യന്റെ മേൽ യാതൊരധികാരവും ഇല്ല. മരണത്തോടെ, വിശ്വാസിയുടെയും അവിശ്വാസിയുടെയും ഭാവി അഥവാ അന്ത്യാവസ്ഥ (ഉലശെ്യ) സ്ഥിരവും മാറാത്തതുമായി നിശ്ചയിക്കപ്പെട്ടിരിക്കയാണ്. "അത്രയുമല്ല, ഞങ്ങൾക്കും നിങ്ങൾക്കും നടുവെ വലിയോരു പിളർപ്പുണ്ടാക്കിയിരിക്കുന്നു. ഇവിടെനിന്നു നിങ്ങളുടെ അടുക്കൽ കടന്നു വരുവാൻ ഇച്ഛിക്കുന്നവർക്കു കഴിവില്ല; അവിടെനിന്നു ഞങ്ങളുടെ അടുക്കൽ കടന്നു വരുവാനും പാടില്ല എന്നു പറഞ്ഞു" (ലൂക്കോ.16:26). പിളർപ്പ് തനിയെ ഉണ്ടായതല്ല. ദൈവമാണ് പിളർപ്പു ഉണ്ടാക്കിയത്. അതുകൊണ്ട് യാതൊരു മനുഷ്യനും അതു ചാടിക്കടക്കാൻ സാദ്ധ്യമല്ല.

അമേരിക്കൻ ഐക്യനാടുകളുടെ തെക്കു കിടക്കുന്ന മെക്സിക്കൊയിൽ നിന്നും നിയമരഹിതമായ കുടിയേറ്റവും കള്ളക്കടത്തും തടയുന്നതിനായി ഏകദേശം 1000 മൈൽ നീളമുള്ള ഒരു ഇലക്ട്രോണിക്ക് വേലി കെട്ടുന്നതിന് ആലോചന നടന്നുകൊണ്ടിരിക്കുന്നതായി കുറച്ചുമുമ്പ് ഞാൻ പത്രത്തിൽ വായിച്ചു. വേലി കെട്ടിയോ ഇല്ലയോ എന്ന് എനിക്ക് അറിയാൻ പാടില്ല. വേലി കെട്ടി എന്നിരിക്കട്ടെ. പിന്നെയും മെക്സിക്കോയിൽ നിന്നും അമേരിക്കയിലേക്ക് നിയമരഹിതമായ കുടിയേറ്റവും കള്ളക്കടത്തും നടന്നുകൊണ്ടിരിക്കും. മനുഷ്യൻ കെട്ടുന്ന വേലി മനുഷ്യൻ ചാടിക്കടക്കും. എന്നാൽ ദൈവം ഉണ്ടാക്കിയ പിളർപ്പ് ചാടിക്കടക്കുവാൻ ആർക്കും ഒരിയ്ക്കലും സാധിക്കയില്ല. നിത്യതയിൽ കാലുമാറ്റമില്ല.

അലക്ഷ്യ മനോഭാവത്തിന്റെ ഫലം നിത്യശിക്ഷാവിധി എന്ന് ബൈബിൾ സ്പഷ്ടമായി പഠിപ്പിക്കുന്നു. "അതുകൊണ്ട് നിർജ്ജീവപ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളെ കുറിച്ചുള്ള ഉപദേശം, കൈവെപ്പ്, മരിച്ചവരുടെ പുനരുത്ഥാനം, നിത്യ ശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം

വിട്ടു പരിജ്ഞാനപൂർത്തി പ്രാപിക്കാൻ ശ്രമിക്കുക'' (എബ്രാ.6:1,2). ശിക്ഷ നിത്യമെന്നു മാത്രമല്ല, ബോധസഹിതവുമാണ്. ''വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും'' എന്നു കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. ''ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും'' എന്നു കർത്താവ് അരുളിച്ചെയ്തിരിക്കുന്നു.'' കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി, ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ ..... സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും'' (2.തെസ്സ.1:6-10).

അഗണ്യമനോഭാവം നാം വിചാരിക്കുന്നതിൽ എത്രയോ കൂടുതൽ ദോഷം ചെയ്യും. റ്റൈറ്റാനിക്ക് എന്ന പടുകൂറ്റൻ കപ്പൽ തകർന്ന് തരിപ്പണമായത് കപ്പിത്താന്റെ അഗണ്യമനോഭാവം മൂലമായിരുന്നു. പ്രസ്തുത കപ്പൽ ഇംഗ്ലണ്ടിലെ തുറമുഖത്തു നിന്നു പുറപ്പെട്ടപ്പോൾ അതിന്റെ നിർമ്മാതാവായ എൻജിനിയർ, ''ദൈവത്തിനുപോലും ഈ കപ്പൽ മുക്കുവാൻ സാദ്ധ്യമല്ല'' എന്നു വീമ്പടിച്ചു തന്റെ ആത്മവിശ്വാസം പ്രടകമാക്കി. അങ്ങനെയാണ് റ്റൈറ്റാനിക്ക് യാത്രയായത്. യാത്രാമദ്ധ്യേ മറ്റൊരു ചെറിയ കപ്പലിലെ കപ്പിത്താൻ റ്റൈറ്റാനിക്ക് കപ്പിത്താനെ വിളിച്ചു. ''താങ്കളുടെ പാതയിൽ ഒരു വലിയ മഞ്ഞുമല ഒഴുകിക്കൊണ്ടിരിക്കയാണ്. ജാഗ്രതയായിരിക്കണം'' എന്ന മുന്നറിയിപ്പു നൽകി. റ്റൈറ്റാനിക്ക് കപ്പിത്താനു ആ മുന്നറിയിപ്പ് അത്ര പിടിച്ചില്ല. കുറച്ചു സമയം കഴിഞ്ഞ് അതേ കപ്പിത്താൻ പിന്നെയും റ്റൈറ്റാനിക്ക് കപ്പിത്താനെ വിളിച്ച്, ''താങ്കളുടെ പാതയിൽ ഒരു വലിയ മഞ്ഞുമല ഒഴുകിക്കൊണ്ടിരിക്കയാണ്, കരുതിക്കൊള്ളണം'' എന്ന മുന്നറിയിപ്പു നൽകി. രണ്ടാം പ്രാവശ്യത്തെ മുന്നറിയിപ്പിൽ റ്റൈറ്റാനിക്ക് കപ്പിത്താൻ വല്ലാതെ ക്ഷോഭിച്ച്, ''നീ വായടയ്ക്ക'' എന്ന് മറ്റേ കപ്പിത്താനോട് പറഞ്ഞു. രണ്ട് പ്രാവശ്യം ലഭിച്ച ഗുരുതരമായ മുന്നറിയിപ്പ് അവഗണിച്ചതു നിമിത്തം റ്റൈറ്റാനിക്ക് കപ്പൽ മഞ്ഞുമലയിൽ തട്ടി തകർന്നു തരിപ്പണമായി. അത്രയും ചെറിയ ഒരു കാര്യത്തിന് വലിയവനായ ദൈവം സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരേണ്ട യാതൊരാവശ്യവും ഉണ്ടായില്ല. ഒരു മഞ്ഞുമല ആ കൃത്യം നിർവഹിച്ചു അമ്പമ്പോ! അഗണ്യമനോഭാവത്തിന്റെ ഫലമായുണ്ടായ നഷ്ടവും നാശവും! എന്നാൽ ഒരു മനുഷ്യാത്മാവിന്റെ നിത്യനാശത്തോടു താരതമ്യപ്പെടുത്തിയാൽ റ്റൈറ്റാനിക്കിനുണ്ടായ നാശം ഏതുമില്ല.

കൈയിൽ കിട്ടിയ മോചനം നിരസിച്ച ഒരു യുവ അപരാധിയുടെ കഥ ഓർമ്മയിൽ വരുന്നു. ഒരു ദിവസം അമേരിക്കയിലെ ഒരു പട്ടണത്തിൽ രണ്ടു യുവസ്നേഹിതർ കണ്ടുമുട്ടി. കുശലപ്രശ്നത്തിനു ശേഷം അവർ അടുത്തുള്ള ഒരു ഹോട്ടലിലേക്കു പോയി. അവർ തീറ്റിയിലും കുടിയിലും മധുരസംഭാഷണത്തിലും മുഴുകി. സംഭാഷണത്തിനിടയിൽ ഒരുത്തൻ പറഞ്ഞ ഏതോ കാര്യം മറ്റവനു പിടിച്ചില്ല. അവൻ ക്ഷോഭിച്ച് കൂട്ടുകാരനെ പെട്ടെന്നു വെടിവെച്ചു വീഴ്ത്തിക്കളഞ്ഞു. ഉടൻ തന്നേ ഹോട്ടൽ മാനേജർ പോലീസ് അധികാരികളെ വിവരം ധരിപ്പിച്ചു. പോലീസ് വന്ന് അപരാധിയെ അറസ്റ്റുചെയ്തു. അവനെ കോടതിയിൽ ഹാജരാക്കി വിസ്തരിക്കുകയും അപരാധി എന്നു തെളിഞ്ഞതിനാൽ ന്യായാധിപൻ അവനെ മരണശിക്ഷയ്ക്കു വിധിക്കുകയും ചെയ്തു. മരണശിക്ഷ പ്രതീക്ഷിച്ചുകൊണ്ട് അപരാധി ജയിലിൽ കിടന്നപ്പോൾ, അവന്റെ അമ്മയും ഇളയ സഹോദരിമാരും ആ സംസ്ഥാനത്തെ ഗവർണ്ണറെ കണ്ടു സങ്കടം ബോധിപ്പിച്ചു. തങ്ങൾ ഈ യുവാവിനെ ആശ്രയിച്ചു ജീവിക്കുന്നവരാണെന്നും

അവൻ അന്നുവരെ ഒരു ഉത്തമ പൗരനായി ജീവിച്ചു എന്നും മുൻകോപം മൂലം ഇത്തരം ഒരു കൊലപാതകം ചെയ്തുപോയതാണെന്നും ഗവർണ്ണറെ ധരിപ്പിച്ചു. യുവഅപരാധിക്ക് മോചനം നൽകണമെന്ന് അവർ ഗവർണ്ണറോട് യാചിച്ചു. ഗവർണ്ണർ മനസ്സലിഞ്ഞ് മോചനപത്രം എഴുതി ഒരു ഉദ്യോഗസ്ഥൻ വശം അപരാധി കിടന്ന ജയിലിലേക്കു കൊടുത്തയച്ചു. പ്രസ്തുത ഉദ്യോഗസ്ഥൻ ജയിലിൽ ചെന്ന് ശിക്ഷാവിധി ഭയന്നു വിഷണ്ണനായി കഴിയുന്ന യുവാവിനെ കണ്ട് അവന്റെ കയ്യിൽ ഗവർണ്ണറുടെ മോചനപത്രം കൊടുത്തു. അവൻ അതു വായിച്ചു നോക്കി, മോചനപത്രം എന്നു മനസ്സിലാക്കി. അവൻ വളരെ ധിക്കാരത്തോടെ മോചനപത്രം കഷണം കഷണമായി വലിച്ചുകീറി ദൂരെ എറിഞ്ഞു. ഗവർണ്ണർ കരുണയാൽ നൽകിയ മോചനം അപരാധി നിരസിച്ചു എന്നു സാരം. ഗവർണ്ണറുടെ മോചനം നിരാകരിച്ച അപരാധിയോട് ഇനി എന്താണു ചെയ്യേണ്ടത് എന്ന് അധികാരികൾ കോടതിയിൽ അന്വേഷിച്ചു. ഗവർണ്ണറുടെ മോചനം നിരസിച്ച ഒരു അപരാധിയെ നീക്കുപോക്കില്ലാതെ തൂക്കിക്കൊല്ലേണ്ടതാണെന്നു കോടതി വിധിച്ചു. വിധി അനുസരിച്ചു യൗവനാപരാധി വധിക്കപ്പെടുകയും ചെയ്തു. പ്രസ്തുത യുവാവിനെ പടുഭോഷൻ എന്നു നാം മുദ്രയടിക്കും. ഗവർണ്ണറുടെ മോചനപത്രം കൈയിൽ കിട്ടിയപ്പോൾ കാരണം കൂടാതെ കരുണ കാണിച്ച ആ മഹാനുഭാവന് ഒരു വലിയ നമസ്ക്കാരം കൊടുത്ത്, സ്വതന്ത്രനായി സന്തോഷവാനായി അവനു ശിഷ്ടായുസ്സ് കഴിക്കാമായിരുന്നു. എന്നാൽ കൈയിൽ കിട്ടിയ മോചനം നിരസിച്ചു ഭയങ്കരമായ മരണത്തിന് അവൻ പാത്രനായത് നിർഭാഗ്യത്തിന്റെ പാരമ്യം എന്നേ പറയേണ്ടു.

പ്രിയ വായനക്കാരാ, ദൈവം പരമാവധി ചെലവുചെയ്ത് ഒരുക്കിയ ഇത്ര വലിയ രക്ഷ നിരസിക്കുന്നത് ധിക്കാരവും ഭോഷത്വവും അല്ലയോ? ഈ രക്ഷ അഗണ്യമാക്കിയാൽ തെറ്റി ഒഴിയുവാൻ യാതൊരു മാർഗ്ഗവുമില്ല. ഇരുണ്ട് നീണ്ട ഒരു നിത്യതയിലേക്കു നിങ്ങൾ കടന്നുപോകരുതേ. ഇപ്പോൾ തന്നേ നിങ്ങൾ മാനസാന്തരപ്പെട്ടു കർത്താവായ യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി അംഗീകരിച്ച് രക്ഷയും പാപമോചനവും സൗജന്യമായി പ്രാപിച്ച് അനന്തസന്തോഷത്തിന്റെ ഉടമയായി തീരുക. ദൈവം നിങ്ങളെ സഹായിക്കയും അനുഗ്രഹിക്കയും ചെയ്യട്ടെ.

**തുടർന്നുള്ള വിജയകരമായ ക്രിസ്തീയ ജീവിതത്തിന് ആവശ്യമായ അടിസ്ഥാന ഉപദേശങ്ങൾ അടങ്ങിയ ഒരു ചെറുപുസ്തകം സൗജന്യമായി ലഭിക്കുവാൻ ബന്ധപ്പെടുക.**

**K. Kunjappy, Evg.**
Hebron Brethren Assembly, Chathannoor Town,
Mampallikunnam, Chathannoor P.O.,
Kollam - 691 572
Tel : (0474) 2592050, E mail : k.kunjappy@gmail.com

- മനുഷ്യനിൽ പാപവും മരണവും എങ്ങനെ ഉണ്ടായി?
- മനുഷ്യജീവിതം മരണം കൊണ്ട് അവസാനിക്കുന്നതാണോ?
- പശ്ചാത്താപവും സൽകർമ്മങ്ങളും പാപപരിഹാര മാർഗ്ഗമാണോ? പാപിയായ മനുഷ്യൻ രക്ഷ പ്രാപിക്കുന്നത് എങ്ങനെ?
- യേശുക്രിസ്തുവിന്റെ ഇഹലോക ജീവിതലക്ഷ്യം മത സ്ഥാപനമോ പാപപരിഹാരമോ?

ഇപ്രകാരമുള്ള സുപ്രധാനചോദ്യങ്ങളുടെ ഉത്തരം തിരുവെഴുത്തുകളെ ആധാരമാക്കി പ്രതിപാദിച്ചിരിക്കുന്ന ഈ ചെറുപുസ്തകം സത്യാന്വേഷികൾക്കു ഒരു ഉത്തമ വഴികാട്ടിയാണ്.

കൂടുതൽ വിവരങ്ങൾ അറിയുവാൻ ബന്ധപ്പെടുക :


കെ. കുഞ്ഞപ്പി, സുവിശേഷകൻ
ഹെബ്രോൺ ബ്രദറൺ അസംബ്ലി, ചാത്തന്നൂർ ഠൗൺ
മാമ്പള്ളിക്കുന്നം, ചാത്തന്നൂർ (പി.ഒ), കൊല്ലം 691572
ഫോൺ : 0474 2592050, E-mail : k.kunjappy@gmail.com


ടി. വി. ചാനലുകളിൽ സുവിശേഷപരമ്പരകൾ മറക്കാതെ കാണുക.

1. കൈരളിയുടെ പീപ്പിൾ ചാനലിൽ :
   > സത്ഗമയ ടോക്ഷോ പ്രോഗ്രാം എല്ലാ വെള്ളിയാഴ്ചയും 4.30 – 5.00 p.m.ന്
2. പവ്വർവിഷൻ ചാനലിൽ :
   > സത്ഗമയ ടോക്ഷോ പ്രോഗ്രാം എല്ലാ ചൊവ്വാഴ്ചയും 6.30 – 7.00 p.m.ന്
   > ജീവാമൃതം പ്രോഗ്രാം എല്ലാ വ്യാഴാഴ്ചയും 9.00 – 9.30 p.m.ന്


ഈ പുസ്തകം വില്പനയ്ക്കുള്ളതല്ല
lic Press : 0474 2796098